VOL NO: 08 I ISSUE 30
2024 JULY 27 I ₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

മനുഷ്യന്റെ നിസ്സഹായത ആവർത്തിച്ച് വ്യക്തമാക്കുന്നതാണ് കർണാടകയിലെ ഷിരൂരിലെ മലയിടിച്ചിലും കോഴിക്കോട് സ്വദേശിയടക്കമുള്ളവരുടെ തിരോധാനവും. പുരോഗതിയുടെയും സാങ്കേതികവിദ്യയുടെയും ഉന്നതപടവുകൾ ചവിട്ടിക്കയറുമ്പോഴും നിനക്കാതെ കടന്നുവരുന്ന പ്രകൃതിദുരന്തങ്ങളിൽ മനുഷ്യർ അസ്തപ്രജ്ഞരാകുന്ന അവസ്ഥ കണ്ണുതുറപ്പിക്കേണ്ടതാണ്. ദുരിതപ്പെയ്ത്തിനിടയിലും കൈയും മെയ്യും മറന്ന് കർമഗോദയിലേക്കിറങ്ങുന്ന മാനവികബോധം നഷ്ടമാകാതിരിക്കട്ടെ.

## ഷിരൂർ ദുരന്തം നൽകുന്ന പാഠങ്ങൾ



### ഏറ്റവും അടുത്തവനിലേക്ക് അടുക്കാൻ ഇടയാളനോ?

|| ഇസ്‌ലാമും സ്ത്രീയും
|| മുസ്‌ലിം മജ്‌ലിസ്; വളർച്ചയും തളർച്ചയും
|| വിഷാദ രോഗം; കാരണങ്ങളും ചികിത്സയും




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0392

# നേർപഥം

വാരിക

2024 ജുലായ് 27
1446 മുഹർറം 21
പുസ്തകം 08 / ലക്കം 30




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




**സുഫ്‌യാൻ അബ്ദുസ്സലാം**

മനുഷ്യന്റെ നിസ്സഹായത ആവർത്തിച്ച് വ്യക്തമാക്കുന്നതാണ് കർണാടകയിലെ ഷിരൂരിലെ മലയിടിച്ചിലും കോഴിക്കോട് സ്വദേശിയടക്കമുള്ളവരുടെ തിരോധാനവും. പുരോഗതിയുടെയും സാങ്കേതികവിദ്യയുടെയും ഉന്നതപടവുകൾ ചവിട്ടിക്കയറുമ്പോഴും നിനക്കാതെ കടന്നുവരുന്ന പ്രകൃതിദുരന്തങ്ങളിൽ മനുഷ്യർ അസ്തപ്രജ്ഞരാകുന്ന അവസ്ഥ കണ്ണു തുറപ്പിക്കേണ്ടതാണ്. ദുരിതപ്പെയ്ത്തിനിടയിലും കൈയും മെയ്യും മറന്ന് കർമഗോദയിലേക്കിറങ്ങുന്ന മാനവികബോധം നഷ്ടമാകാതിരിക്കട്ടെ.

**05** മുഖമൊഴി
ഉള്ളതിൽ തൃപ്തിയടയാൻ കഴിയുന്നവർ ഭാഗ്യവാന്മാർ

**06** ആരോഗ്യപഥം
വിഷാദ രോഗം; കാരണങ്ങളും ചികിത്സയും
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

**09** നമുക്കുചുറ്റും
എന്തിനാണ് ഇടയാളന്മാർ?
ടി.കെ അശ്‌റഫ്

**16** ലേഖനം
ഏറ്റവും അടുത്തവനിലേക്ക് അടുക്കാൻ ഇടയാളനോ?
അബ്ദുൽ മാലിക് സലഫി

**18** ചരിത്രപഥം
മുസ്‌ലിം മജ്‌ലിസ്; വളർച്ചയും തളർച്ചയും
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**22** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ: യാസീൻ
അബ്ദുർറഹ്‌മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** പഠനം
നേരിന്റെ വഴിയിൽ ഉറച്ചുനിൽക്കാൻ
ശമീർ മദീനി

**31** വനിതാപഥം
ഇസ്‌ലാമും സ്ത്രീയും
ബിസ്മിത എം, തിരുവനന്തപുരം

**32** കർമപഥം
നമസ്കാരത്തിന്റെ നിബന്ധനകൾ
വിവ. അബ്ദുൽ ജബ്ബാർ മദീനി

**34** ഖണ്ഡകാവ്യം
പരലോക ചിന്തകൾ
വെള്ളില പി.പി. അബ്ദുല്ല

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# മലയാളികൾ ഒഴുകിയെത്തി ബംഗളൂരു ഫാമിലി കോൺഫറൻസിന് ഉജ്ജ്വലമായ സമാപനം

ബംഗളൂരു: കുടുംബകങ്ങളിൽ കുളിരു പകർന്നുകൊണ്ട് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വ്യാപകമായി സംഘടിപ്പിച്ചുവരുന്ന ഫാമിലി കോൺഫറൻസിന്റെ ഭാഗമായി ബംഗളൂരുവിൽ നടന്ന കോൺഫറൻസ് മലയാളികളുടെ വർധിച്ച പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

പരിപാടി പ്രഖ്യാപിച്ച നാൾമുതൽ ബംഗളൂരുവിലെ പ്രവർത്തകർ അക്ഷീണം അധ്വാനിച്ചപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാലസ് ഗ്രൗണ്ടിലെ നാലപ്പാട് പവലിയനിലേക്ക് ആയിരങ്ങൾ ഒഴുകിയെത്തുകയായിരുന്നു. പഠനത്തിനും ജോലിക്കുമായി ബംഗളൂരുവിൽ എത്തുന്ന മലയാളികൾക്ക് അവരുടെ വിശ്വാസ വിശുദ്ധിയും കുടുംബ ഭദ്രതയും കാത്തുസൂക്ഷിക്കാൻ കരുത്തുപകരുന്നതായിരുന്നു ഫാമിലി കോൺഫ്രൻസിലെ ഓരോ പ്രഭാഷണവും. ലിബറലിസത്തിലൂടെ മതനിരാസത്തിലേക്ക് പുതുതലമുറയെ കൂട്ടിക്കൊണ്ടുപോകാനായി ആവിഷ്കരിച്ച ആശയങ്ങളുടെ അടിത്തറ തകർക്കുന്നതായിരുന്നു പ്രോഗ്രാമിന്റെ ഉള്ളടക്കം.

വൈകുന്നേരം 3:45ന് ആരംഭിച്ച കോൺഫറൻസ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ് ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി പ്രഫ.ഹാരിസ് ബിൻ സലീം സ്വസ്ഥമായ കുടുംബജീവിതത്തിലേക്കുള്ള മാർഗനിർദേശങ്ങൾ നൽകി സംസാരിച്ചു. സംസ്ഥാന നിർവാഹക സമിതിയംഗം റഷീദ് കൊടക്കാട്ട് ആമുഖ സംസാരം നടത്തി. ഹുസൈൻ സലഫി മുഖ്യ പ്രഭാഷണം നിർവഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശരീഫ് ഏലാങ്കോട്, സംസ്ഥാന എക്സിക്യൂട്ടീവംഗങ്ങളായ അശ്റഫ് വെൽക്കം, ഡോ. ഷാനവാസ് പറവണ്ണ, ഓൾ ഇന്ത്യ കെ.എം.സി.സി ജനറൽ സെക്രട്ടറി കെ. നൗഷാദ്, ബി.എം.എ ജനറൽ സെക്രട്ടറി പി.വി.അശ്റഫ്, ജമാഅത്തെ ഇസ്‌ലാമി ബംഗളൂരു മേഖലാ ജനറൽ സെക്രട്ടറി ഷബീർ കൊടിയത്തൂർ, ബംഗളൂരു ഇസ്‌ലാഹി സെന്റർ പ്രസിഡന്റ് പി.വി. ബഷീർ, വിസ്ഡം ബംഗളൂരു പ്രസിഡന്റ് ഹബീബ്, ട്രഷറർ സി.പി. ഷഹീർ, സെക്രട്ടറി ഹാരിസ് തുടങ്ങിയവർ സംബന്ധിച്ചു. സമ്മേളനത്തോ ടനുബന്ധിച്ച് കുട്ടികൾക്കായി കളിച്ചങ്ങാടവും പുസ്തകമേളയും നടന്നു.

# കുടുംബ വ്യവസ്ഥയെ തകർക്കാനുള്ള ഒളിയജണ്ടകളെ കരുതിയിരിക്കുക

ബംഗളൂരു: കുടുംബ വ്യവസ്ഥയെ തകർക്കാനുള്ള ഒളിയജണ്ടകൾക്കെതിരെ പൊതുസമൂഹം ജാഗ്രത പാലിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ബംഗളൂരുവിൽ സംഘടിപ്പിച്ച ഫാമിലി കോൺഫറൻസ് ആവശ്യപ്പെട്ടു.

'വിശ്വാസ വിശുദ്ധി; സംതൃപ്തകുടുംബം' എന്ന പ്രമേയത്തിലാണ് ആറു മാസക്കാലത്തെ പ്രചാരണത്തിന് സമാപനമായി സമ്മേളനം നടന്നത്. ധാർമികത നിലനിർത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന കുടുംബ സംവിധാനത്തെ തകർക്കാൻ കാരണമാകുന്ന എല്ലാ ചിന്താധാരകളും സമൂഹത്തിന്റെ പിന്നോട്ടുപോക്കിന് മാത്രമെ കാരണമാവുകയുള്ളൂവെന്ന് സമ്മേളനം വിലയിരുത്തി. കുടുംബ സംവിധാനം നേരിടുന്ന വെല്ലുവിളികൾക്കും ക്രിയാത്മക പരിഹാര മാർഗങ്ങൾക്കും നേതൃത്വം കൊടുക്കാൻ സർക്കാർ സംവിധാനങ്ങളും മത-രാഷ്ട്രീയ-സന്നദ്ധ സംഘടനകളും മഹല്ലുകളും മുന്നോട്ട് വരണം.

പ്രീ മാരിറ്റൽ, പോസ്റ്റ് മാരിറ്റൽ കൗൺസിലുകൾ ബംഗളൂരുവിലെ മത-സാംസ്കാരിക സംഘടനകൾ സ്ഥിരം പദ്ധതിയായി ഏറ്റെടുക്കണം. ലഹരിക്കെതിരെ ശക്തമായ ശിക്ഷകൾ നിഷ്കർഷിക്കുന്ന നിയമനിർമാണം നടത്താൻ കർണാടക-കേരള സർക്കാറുകൾ നടപടികൾ സ്വീകരിക്കണം; സമ്മേളനം ആവശ്യപ്പെട്ടു.

# ഉള്ളതിൽ തൃപ്തിയടയാൻ കഴിയുന്നവർ ഭാഗ്യവാന്മാർ

ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പ് ധനാഢ്യനായിരുന്നു മുസ്അബുബ്നു ഉമൈർ(റ). ദൈവമാർഗത്തിൽ എല്ലാം ചെലവഴിച്ച അദ്ദേഹത്തിന് ഒടുവിൽ വീടുപോലുമില്ലാതെ പള്ളിയുടെ ഒരു ചെരുവിൽ താമസമാക്കേണ്ടിവന്നു! മരണശേഷം അദ്ദേഹത്തിന്റെ ഭൗതികശരീരം പൊതിയാൻ മാത്രം വലിപ്പമുള്ള തുണിയില്ലാത്തതിനാൽ കാലിന്റെ ഭാഗത്ത് പുല്ല് വച്ചു കെട്ടേണ്ടിവന്നു എന്ന് ചരിത്രം.

പ്രവാചകാനുചരന്മാരിൽ അധികപേരും ഉടുതുണിക്ക് മറുതുണിയില്ലാത്ത പാവങ്ങളായിരുന്നു. ദാരിദ്ര്യത്തിലും പരീക്ഷണങ്ങളിലും അടിപതറാതെ ജീവിച്ച് അവർ ലോകത്തിന് മാതൃക കാണിച്ചു.

അല്ലലും അലട്ടലുമില്ലാതെ, തിന്നും കുടിച്ചും രസിച്ചും ജീവിതം കഴിച്ചുകൂട്ടുക എന്നത് ഏതൊരാളുടെയും ആഗ്രഹമാണ്. പ്രയാസങ്ങൾ, രോഗങ്ങൾ, പരീക്ഷണങ്ങൾ, ദാരിദ്ര്യം... ഇവയെല്ലാം മനുഷ്യൻ വെറുക്കുന്നു.

ഐഹികവിഭവ ലഭ്യതയുടെ ആധിക്യം മനുഷ്യനെ ദൈവനിഷേധത്തിലേക്കും അധാർമിക പ്രവർത്തനങ്ങളിലേക്കും നയിക്കാൻ സാധ്യതയുണ്ടെന്നത് യാഥാർഥ്യമാണ്. അതുകൊണ്ടുതന്നെ സർവവിധ ഭൗതിക സുഖൈശ്വര്യങ്ങളുമുള്ള കാലഘട്ടത്തെക്കാൾ ഇല്ലായ്മയുടെയും വല്ലായ്മയുടെയും ഇക്കാലമാണ് നല്ലത് എന്ന് പ്രവാചകൻ(സ്വ) പറഞ്ഞതായി കാണാം.:

“എനിക്കുശേഷം നിങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ ഭയാനകമായി കാണുന്ന ഒരു സംഗതിയത്രെ ഐഹികാഡംബരങ്ങളും അലങ്കാരങ്ങളും നിങ്ങൾക്ക് തുറന്നുകിട്ടുന്നത്” (ബുഖാരി, മുസ്‌ലിം).

ആഡംബരപൂർണമായ ജീവിതം ദൈവചിന്തയില്ലാത്ത ഒരവസ്ഥയിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കും. ആഗ്രഹിക്കുന്നതെന്തും ലഭ്യമാകുന്ന അവസ്ഥയുണ്ടായാൽ കൂടുതൽ കൂടുതൽ വെട്ടിപ്പിടിക്കുവാനുള്ള ത്വരയും വർധിക്കും. അനുവദനീയം, നിഷിദ്ധം, ധാർമികം, അധാർമികം, സത്യം, അസത്യം, നീതി, അനീതി തുടങ്ങിയ ചിന്തകളൊന്നും അവനെ അലട്ടുകയില്ല. എങ്ങനെയെങ്കിലും കൂടുതൽ സമ്പാദിക്കുക, ആസ്വദിക്കുക എന്ന ചിന്തയേ അവനുണ്ടാകൂ.

ഐഹിക ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും മരണത്തെക്കുറിച്ചും ചിന്തയുണ്ടാവുക എന്നതാണ് ഇതിന് പരിഹാരം. ഐഹികജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് വിശുദ്ധ ക്വുർആൻ പറയുന്നു:

“നിങ്ങൾ ഗ്രഹിക്കണം; ഐഹികജീവിതം കളിയും വിനോദവും അലങ്കാരവും ധനത്തിലും സന്താനങ്ങളിലും പരസ്പരം അഭിമാനം കൊള്ളലും പെരുമനടിക്കലും മാത്രമാകുന്നു. ഒരു മഴപോലെ. അതുവഴി തഴച്ചു വളരുന്ന സസ്യലതാതികൾ കർഷകരെ ആശ്ചര്യപ്പെടുത്തുന്നു. പിന്നീടത് വാടുന്നു. അപ്പോഴത് മഞ്ഞ നിറമായിമാറുന്നതു കാണാം. പിന്നീടത് വൈക്കോലായി നുറുങ്ങിപ്പോകുന്നു. പരലോകത്ത് കഠിനശിക്ഷയും അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവുമുണ്ട്. ഇഹലോകജിവിതം കബളിപ്പിക്കുന്ന ചരക്കു മാത്രമാകുന്നു” (57:20).

ഭൗതിക സുഖത്തിനുവേണ്ടി മാത്രം ആഗ്രഹിക്കുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നു: “...ചില മനുഷ്യരുണ്ട്; ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഇഹത്തിൽ (നന്മ)തരേണമേ എന്നായിരിക്കും അവർ പറയുക. അവർക്ക് പരലോകത്ത് ഒരു വിഹിതവുമില്ല...” (2:200).

ഉള്ളതിൽ തൃപ്തിയടുവാനും നന്ദി കാണിക്കുവാനുമാണ് സ്രഷ്ടാവ് ആവശ്യപ്പെടുന്നത്. അങ്ങനെയുള്ളവർക്ക് അവൻ വർധനവുനൽകുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു:

“നിങ്ങൾ നന്ദി കാട്ടിയാൽ ഞാൻ നിങ്ങൾക്ക് വർധിപ്പിച്ചുതരും. നന്ദികേട് കാട്ടിയാലോ എന്റെ ശിക്ഷ കഠിനമാണ്” (14:7).

ഡോ. യാസ്മിൻ എം അബ്ബാസ്
പട്ടാമ്പി




# വിഷാദ രോഗം;
## കാരണങ്ങളും ചികിത്സയും

**ചികിത്സ വൈകിയാൽ!**

1. ഡിപ്രഷൻ ഒരു രോഗാവസ്ഥയാണെങ്കിലും പൊതുവെ രോഗിയും രോഗിയുടെ അടുത്ത ബന്ധുക്കളും ഇത് പലപ്പോഴും തിരിച്ചറിയാതെപോകുന്നു എന്നതാണ് വാസ്തവം. അതുകൊണ്ടുതന്നെ പ്രാരംഭഘട്ടത്തിൽ തിരിച്ചറിയപ്പെടാതെപോകുന്ന ഡിപ്രഷൻ കേസുകളിൽ രോഗിയുടെ പെരുമാറ്റവൈകല്യങ്ങൾ കാരണം  അവരുടെ ദാമ്പത്യ, കുടുംബ, അയൽപക്ക ബന്ധങ്ങളിൽ വിള്ളലുകൾ സംഭവിക്കുന്നു. എന്നാൽ പ്രാരംഭ ഘട്ടത്തിൽതന്നെ ഇതൊരു രോഗാവസ്ഥയാണെന്ന് തിരിച്ചറിയുകയും നേരത്തെ പറഞ്ഞപോലുള്ള പ്രഥമശുശ്രൂഷകളോ ചികിത്സയോ നൽകുകയുമാണെങ്കിൽ ഇത്തരം അവസ്ഥകൾ വരാതിരിക്കുകയും ചെയ്യാം.

2. ആത്മഹത്യാപ്രവണത: വിഷാദരോഗികളിൽ രോഗം മൂർച്ഛിക്കുന്നതിനനുസരിച്ച് ശുഭാപ്തിവിശ്വാസം പാടെ നഷ്ടപ്പെട്ടുപോകും. താൻ ഈ സമൂഹത്തിന് ഒരു ബാധ്യതയാണെന്ന തെറ്റായ ചിന്ത അവരെ അലട്ടുകയും അങ്ങേയറ്റത്തെ നിരാശയിലകപ്പെടുകയും അത് ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്യുന്നു.

3. Catatonia: വിഷാദരോഗത്തിന്റെ മറ്റൊരു കോംപ്ലിക്കേഷനാണ് ഇത്. ഈ അവസ്ഥയിൽ രോഗി സംസാരിക്കുകയോ ഉറങ്ങുകയോ ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്യാതെ ദിവസങ്ങളോളം ശില കണക്കെ ഇരിക്കും. ഇത് രോഗിയുടെ ശാരീരികാരോഗ്യത്തെ പാടെ നശിപ്പിക്കുകയും മരണത്തിലേക്കുവരെ എത്താൻ വഴിയ്യുകയും ചെയ്യുന്നു. ഇത്തരം ഘട്ടങ്ങളിലാണ് പൊതുവെ Electroconvulsive therapy കൊടുക്കുന്നത്.

4. രോഗപ്രതിരോധശേഷി കുറയുകയും തുടർന്ന് അനവധി ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്യേണ്ടിവരുന്നു.

## പ്രതിരോധ മാർഗങ്ങൾ

വിഷാദരോഗം പിടിപെടാതിരിക്കുവാനും ഒരിക്കൽ ചികിത്സിച്ചു മാറിയ രോഗം തിരികെ വരാതിരിക്കാനും ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ:

1. ജീവിതശൈലി ചിട്ടയായി ക്രമീകരിക്കുക:

സമയബന്ധിതമായി രാത്രി ഉറങ്ങുകയും രാവിലെ എഴുന്നേൽക്കുകയും ചെയ്യൽ പ്രധാനമാണ്. ഉറക്കക്കുറവ് തലച്ചോറിലെ രാസപ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ഇത് ശാരീരിക-മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാവാൻ ഇടയാക്കുകയും ചെയ്യുന്നു. ആരോഗ്യത്തിന് ഗുണകരമായതും ഇഷ്ടപ്പെട്ടതുമായ ഭക്ഷണം കഴിക്കുകയും ചെയ്യുക.

വ്യായാമം പതിവാക്കുക. വ്യായാമം ചെയ്യുന്നതുവഴി dopamine, endorphin തുടങ്ങിയ രാസപദാർഥങ്ങൾ ശരീരത്തിൽ ഉത്പാദിപ്പിക്കപ്പെടുകയും ഇത് മാനസികാരോഗ്യത്തിന് സഹായകമാവുകയും ചെയ്യുന്നു.

2. വിവിധ ലക്ഷ്യങ്ങൾ ഉണ്ടാക്കിയെടുക്കുകയും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയും ഇത്തരം മേഖലകളിൽ

> പൊതുവായി പഠിപ്പിക്കപ്പെട്ടിട്ടുള്ള പ്രാർഥനകൾക്ക് പുറമെ ജീവിതത്തിന്റെ വ്യത്യസ്ത അവസരങ്ങളിലുള്ള പ്രത്യേക പ്രാർഥനകളും നാം പഠിപ്പിക്കപ്പെട്ടിട്ടുണ്ട്. മാനസിക പ്രയാസങ്ങൾ നേരിടുമ്പോൾ ചൊല്ലേണ്ട പ്രാർഥനകളും ഹദീസുകളിൽ കാണാം. ഇവയെല്ലാം പ്രാവർത്തികമാക്കുവാൻ പരമാവധി ശ്രമിക്കുക. ആത്മാർഥമായി പ്രാർഥനകൾ നിർവഹിക്കുമ്പോൾ മനസ്സിന് എന്തെന്നില്ലാത്ത ആശ്വാസം ലഭിക്കുമെന്നതിൽ സംശയമില്ല.

പ്രവർത്തനനിരതരാവുകയും ചെയ്യുക. ഇത് മനസ്സിന് കൂടുതൽ ശുഭാപ്തിവിശ്വാസം നൽകുകയും അനാവശ്യ ചിന്തകളിൽനിന്ന് മുക്തമാകാൻ സഹായിക്കുകയും ചെയ്യുന്നു.

3. വ്യക്തിബന്ധങ്ങൾ വിപുലമാക്കുക: അയൽപക്കങ്ങളിലും കുടുംബങ്ങളിലും ജോലിസ്ഥലത്തും തുടങ്ങി നാം ഇടപഴകുന്ന എല്ലാ മേഖലകളിലും നല്ല വ്യക്തികളുമായി സുഹൃദ്ബന്ധം ഉണ്ടാക്കിയെടുക്കുകയും അവ കാത്തുസൂക്ഷിക്കുകയും ചെയ്യുക. ഇത് മാനസിക സന്തോഷം നൽകുന്നു എന്നതിലുപരി പ്രതിസന്ധിഘട്ടങ്ങളിൽ സങ്കടങ്ങൾ പങ്കുവയ്ക്കാനും പ്രതിവിധികൾ തേടാനും കൂടി സഹായകമാണ്.

4. ഇഷ്ടപ്പെട്ട കാര്യങ്ങൾ ചെയ്യാൻ സമയം കണ്ടെത്തുക: ഓരോരുത്തർക്കും ഇഷ്ടപ്പെട്ട വിവിധ മേഖലകൾ ഉണ്ടായിരിക്കും. ഉദാഹരണമായി എഴുത്ത്, വായന, ഗാർഡനിങ്, കുക്കിംഗ് തുടങ്ങിയവ. ഇങ്ങനെ ഒഴിവുവേളകളിൽ തനിക്ക് ഇഷ്ടപ്പെട്ട കാര്യങ്ങളിൽ വ്യാപൃതരാകുന്നത് മനസ്സിന് കൂടുതൽ സന്തോഷവും സംതൃപ്തിയും നൽകുന്നു.

5. ലഹരി വസ്തുക്കൾ പാടെ ഒഴിവാക്കുക.

## ആത്മീയ പരിഹാരങ്ങൾ

അടിയുറച്ച വിശ്വാസം: ജീവിതത്തിൽ പ്രതിസന്ധികളുണ്ടാകുമ്പോഴാണ് കൂടുതൽ ആളുകളും വിഷാദരോഗത്തിന് അടിമപ്പെടുന്നത്. പ്രവാചകന്മാരും അവരുടെ അനുയായികളുമെല്ലാം ഒരുപാട് പരീക്ഷണഘട്ടങ്ങളിലൂടെ

കടന്നുപോയവരാണെന്നും പ്രതിസന്ധികൾ നേരിട്ടവരാണെന്നും അവരുടെ ചരിത്രം വ്യക്തമാക്കുന്നു. എന്നാൽ അവരാരും അവയ്ക്കു മുമ്പിൽ പകച്ചുനിന്നിട്ടില്ല.

അല്ലാഹു നമ്മോട് പറഞ്ഞിട്ടുള്ളത് അവൻ നമ്മെ പലവിധേന പരീക്ഷിക്കും എന്നാണ്.

"കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 2:155).

അടിസ്ഥാനപരമായി ഈ ജീവിതം ഒരു പരീക്ഷണമാണെന്നും ജീവിതത്തിൽ നേരിടുന്ന പരീക്ഷണങ്ങളിൽ ക്ഷമയും സഹനവും അനിവാര്യമാണെന്നും അതിന് പരലോകത്ത് മഹത്തായ പ്രതിഫലമാണ് സ്രഷ്ടാവ് വാഗ്ദാനം ചെയ്തുട്ടുള്ളതെന്നും മനസ്സിലാക്കിയ ഒരു സത്യവിശ്വാസിക്ക് താൻ നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ സാധിക്കുമെന്നതിൽ സംശയമില്ല.

ഒരുകാര്യം നാം മനസ്സിലാക്കണം. നമ്മൾ അനുഭവിക്കുന്ന പ്രതിസന്ധികൾ കൊണ്ട് നമ്മൾ കാണാത്ത ഗുണകരമായ മറ്റു തലങ്ങൾ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടാവാം. ഇതും ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം പ്രതീക്ഷാവഹമാണ്.
ഇതൊന്നുമല്ലെങ്കിൽ, നാം ചെയ്തുവച്ച ഏതെങ്കിലും ഒരു പാപത്തിന്റെ ശിക്ഷ എന്നോണം ആയിരിക്കാം നാം നേരിടുന്ന പ്രതിസന്ധി. ഒരു സത്യവിശ്വാസിക്ക് തന്റെ ജീവിതത്തിൽ മാറ്റമുണ്ടാക്കാനും ഒരു പുനർവിചിന്തനം നടത്താനും പാപങ്ങളിൽനിന്ന് പിന്മാറാനും പശ്ചാത്തപിക്കാനും ലഭിക്കുന്ന ഒരു സുവർണാവസരം തന്നെയാണ് ഇത്.

### അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ നിലനിർത്തുക

"ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായി

അടിസ്ഥാനപരമായി ഈ ജീവിതം ഒരു പരീക്ഷണമാണെന്നും ജീവിതത്തിൽ നേരിടുന്ന പരീക്ഷണങ്ങളിൽ ക്ഷമയും സഹനവും അനിവാര്യമാണെന്നും അതിന് പരലോകത്ത് മഹത്തായ പ്രതിഫലമാണ് സ്രഷ്ടാവ് വാഗ്ദാനം ചെയ്തുട്ടുള്ളതെന്നും മനസ്സിലാക്കിയ ഒരു സത്യവിശ്വാസിക്ക് താൻ നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ സാധിക്കുമെന്നതിൽ സംശയമില്ല.

ത്തീരുന്നത്" (ക്വുർആൻ 13:28).

അല്ലാഹുവിന്റെ നാമങ്ങൾ ആഴത്തിൽ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്ത ഒരാൾക്ക് ജീവിതത്തിൽ ആവലാതിപ്പെടേണ്ട ആവശ്യമേ വരുന്നില്ല .ഏത് പ്രശ്നത്തിനും പരിഹാരം കാണാൻ കഴിവുള്ള ഒരു നാഥൻ തനിക്കുള്ളപ്പോൾ എന്തിനാണ് അവൻ ആവലാതിപ്പെടുന്നത്.

പ്രഭാത പ്രദോഷങ്ങളിലെ അദ്കാറുകളും രാത്രി ഉറങ്ങുന്നതിന് മുൻപുള്ള അദ്കാറുകളും തുടങ്ങി ജീവിതത്തിലെ വ്യത്യസ്ത മേഖലകളിൽ പ്രത്യേകം പഠിപ്പിച്ചിട്ടുള്ള ദിക്റുകളും പൊതുവായി പഠിപ്പിച്ചിട്ടുള്ള ദിക്റുകളും പതിവാക്കുകയാണെങ്കിൽ അതും ഒരു സത്യവിശ്വാസിക്ക് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ സദാസമയം നിലനിർത്തുവാനും ജീവിതത്തിൽ പ്രതീക്ഷയും സമാധാനവും കണ്ടെത്തുവാനും സാധിക്കുന്നു.

### പ്രാർഥന കൈവിടരുത്

ക്വുർആനും സ്ഥിരപ്പെട്ട ഹദീസുകളും പഠിപ്പിക്കുന്ന ധാരാളം പ്രാർഥനകളുണ്ട്. പൊതുവായി പഠിപ്പിക്കപ്പെട്ടിട്ടുള്ള പ്രാർഥനകൾക്ക് പുറമെ ജീവിതത്തിന്റെ വ്യത്യസ്ത അവസരങ്ങളിലുള്ള പ്രത്യേക പ്രാർഥനകളും നാം പഠിപ്പിക്കപ്പെട്ടിട്ടുണ്ട്. മാനസിക പ്രയാസങ്ങൾ നേരിടുമ്പോൾ ചൊല്ലേണ്ട പ്രാർഥനകളും  ഹദീസുകളിൽ കാണാം. ഇവയെല്ലാം പ്രാവർത്തികമാക്കുവാൻ പരമാവധി ശ്രമിക്കുക. ആത്മാർഥമായി പ്രാർഥനകൾ നിർവഹിക്കുമ്പോൾ മനസ്സിന് എന്തെന്നില്ലാത്ത ആശ്വാസം ലഭിക്കുമെന്നതിൽ സംശയമില്ല. ■

ടി.കെ അശ്റഫ്
: 81118 07199



# എന്തിനാണ് ഇടയാളന്മാർ?

‘...നേരിട്ട് പടച്ചോനോട് പറഞ്ഞാൽ പോരേ, എന്തിനാണ് ഇടയാളന്മാർ’ എന്ന അദ്ദേഹത്തിന്റെ പ്രസംഗം സുന്നി വിശ്വാസധാരയെ ഇകഴ്ത്തുന്നതും പരിഹസിക്കുന്നതും സുന്നീ വിശ്വാസത്തെ വ്രണപ്പെടുത്തുന്നതുമാണ്...’

മേൽ വാചകം സുന്നി യുവജനസംഘം സംസ്ഥാന കമ്മിറ്റി 17/7/ 2024ന് മുസ്‌ലിം ലീഗ് നേതൃത്വത്തിനയച്ച കത്തിലെതാണ്!

സമസ്തയിലെ നിഷ്കളങ്കരായ സാധാരണക്കാർ വളരെ ഗൗരവപൂർവം ചിന്തിക്കേണ്ട ഒരു വിഷയമാണിത്. അല്ലാഹുവിനോട് നേരിട്ട് പ്രാർഥിക്കണമെന്ന കറകളഞ്ഞ തൗഹീദാണ് ലോകത്തു വന്ന മുഴുവൻ പ്രവാചകന്മാരും പ്രബോധനം ചെയ്തത്. ഒരു പ്രവാചകനും മുൻകഴിഞ്ഞ പ്രവാചകൻമാരെയോ മറ്റു മഹാന്മാരെയോ അല്ലാഹുവിലേക്കടുക്കാൻ ഇടയാളന്മാരാക്കിയിട്ടില്ല.

ക്വുർആൻ പഠിപ്പിക്കുന്ന ‘വസീല’ കൊണ്ട് ഉദ്ദേശ്യം സൽകർമങ്ങളിലൂടെ അല്ലാഹുവിലേക്കടുക്കലാണെന്നത് അഹ്‌ലുസ്സുന്നയുടെ സർവ ക്വുർആൻ വ്യാഖ്യാതാക്കളും വ്യക്തമാക്കിയ കാര്യമാണ്. അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാരെല്ലാം ഈ സന്ദേശം പ്രചരിപ്പിക്കാൻ അത്യധ്വാനം ചെയ്തവരുമാണ്.

അപ്പോൾ, ഇടയാളന്മാരില്ലാതെ നേരിട്ട് അല്ലാഹുവിനോട് പ്രാർഥിക്കണമെന്ന ആശയം എങ്ങനെയാണ് യഥാർഥ വിശ്വാസികളെ വ്രണപ്പെടുത്തുന്ന ആശയമായി മാറുന്നത്? എങ്ങനെയാണ് അവരെ ഇകഴ്ത്തുന്നതും പരിഹസിക്കുന്നതുമാകുന്നത്? എവിടേക്കാണ് ഈ സമുദായത്തെ ഇവർ നയിക്കുന്നത്?

ഈ കത്ത് അയക്കാനാധാരമായ സാഹചര്യം തീർത്തും വ്യത്യസ്തവുമാണ്. മുസ്‌ലിം ലീഗ് പ്രവർത്തകർ വ്യത്യസ്ത ഗ്രൂപ്പുകളായി നിൽക്കരുതെന്നും പാർട്ടിയിൽ ഒരൊറ്റ നേതാവേയുള്ളൂ എന്നും ആരും തന്നെ ഇടയാളന്മാരിലൂടെ ബന്ധപ്പെടേണ്ടതില്ലെന്നുമുള്ള സന്ദേശം പാർട്ടി സെക്രട്ടറി അണികൾക്ക് നൽകിയതിന്റെ ചുവടുപിടിച്ചാണ് ഇങ്ങനെ ഒരു പ്രസ്താവനയുമായി സുന്നി യുവജന സംഘം രംഗത്ത് വന്നിട്ടുള്ളത്! എത്രമേൽ ബാലിശമാണ് ഇവരുടെ നിലപാട്!

അല്ലാഹുവിനോട് മാത്രമെ പ്രാർഥിക്കാവൂ എന്നതാണ് എന്റെ നിലപാട് എന്ന് തുറന്നു പറഞ്ഞുകൊണ്ട് തന്നെയാണ് മുസ്‌ലിം ലീഗിന്റെ അമരത്തിരുന്ന മുൻകാല മുജാഹിദ് നേതാക്കളെല്ലാം കടന്നുപോയത്. അതിന്റെ പേരിൽ ആരും കൊട്ടും കുരവയുമായി രംഗത്ത് വന്നിട്ടില്ല. ഈയിടെയാണ് സമസ്തയിലെ ഒരു വിഭാഗം സ്വന്തം താൽപര്യ സംരക്ഷണത്തിനായി മുസ്‌ലിം ലീഗിന്റെ അടിത്തറയിളക്കുന്ന സമീപനങ്ങൾ ഒരു ഭാഗത്ത് സ്വീകരിക്കുകയും മറുഭാഗത്ത് അതിന്റെ സംരക്ഷകരായി രംഗത്ത് വരികയും ചെയ്യാനായി ലീഗിനുള്ളിൽ വഹാബിവൽക്കരണം നടക്കുന്നുവെന്ന ആക്ഷേപവുമായി ഇറങ്ങിപ്പുറപ്പെട്ടത്. അതിന് ലഭിക്കുന്ന ഏത് പുൽക്കൊടിയും എടുത്ത് ഉപയോഗിക്കുന്നതിന്റെ അവസാനത്തെ ഉദാഹരണമാണിത്.

പ്രവാചകൻമാരഖിലവും പ്രബോധനം ചെയ്ത ഒരാശയത്തെ മുൻനിർത്തി, അത് സുന്നികളുടെ വിശ്വാസത്തെ വ്രണപ്പെടുത്തുമെന്നൊക്കെ പറഞ്ഞു പാർട്ടി നേതൃത്വത്തെ മൂക്കുകൊണ്ട് ‘ക്ഷ’ വരപ്പിക്കാൻ ശ്രമിക്കുമ്പോൾ, ഇസ്‌ലാമിന്റെ കാതലായ ആദർശത്തിൽ മായം ചേർക്കാൻ ശ്രമിക്കുമ്പോൾ മൗനം പാലിക്കുന്നത് കുറ്റകരമാകും എന്നതിനാലാണ് ഇത്രയും കുറിച്ചത്. ചിലരുടെ സ്വാർഥതാൽപര്യ സംരക്ഷണം മാത്രമാണ് ഇത്തരം പ്രസ്താവനകളുടെ പിന്നിലെന്ന് തിരിച്ചറിവുള്ളവരാണ് സമുദായത്തിലുള്ളതെന്ന് അത്തരക്കാർ ഓർക്കുന്നത് നന്ന്.

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676



# ഷിരൂർ ദുരന്തം നൽകുന്ന പാഠങ്ങൾ

മനുഷ്യന്റെ നിസ്സഹായത ആവർത്തിച്ച് വ്യക്തമാക്കുന്നതാണ് കർണാടകയിലെ ഷിരൂരിലെ മലയിടിച്ചിലും കോഴിക്കോട് സ്വദേശിയടക്കമുള്ളവരുടെ തിരോധാനവും. പുരോഗതിയുടെയും സാങ്കേതികവിദ്യയുടെയും ഉന്നതപടവുകൾ ചവിട്ടിക്കയറുമ്പോഴും നിനക്കാതെ കടന്നുവരുന്ന പ്രകൃതിദുരന്തങ്ങളിൽ മനുഷ്യർ അസ്തപ്രജ്ഞരാകുന്ന അവസ്ഥ കണ്ണുതുറപ്പിക്കേണ്ടതാണ്. ദുരിതപ്പെയ്ത്തിനിടയിലും കൈയും മെയ്യും മറന്ന് കർമഗോദയിലേക്കിറങ്ങുന്ന മാനവിക ബോധം നഷ്ടമാകാതിരിക്കട്ടെ.

കർണാടകയിലെ അങ്കോലക്ക് സമീപം ഷിരൂരിൽ മലയിടിഞ്ഞ് കാണാതായ കോഴിക്കോട് കണ്ണാടിക്കൽ സ്വദേശി അർജുനുവേണ്ടിയുള്ള തിരച്ചിൽ പുരോഗമിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇത് എഴുതിത്തുടങ്ങുന്നത്. ഉത്തരകന്നഡയിൽ ഈ സംഭവം നടന്ന് ഒരാഴ്ച കഴിഞ്ഞിട്ടും അർജുൻ ഉത്തരം കിട്ടാത്ത ഒരു സമസ്യയായി അവശേഷിക്കുകയാണ്. അർജുൻ മാത്രമല്ല, പ്രദേശവാസികളിൽ പലരും ഇതുപോലെ കാണാമറയത്ത് ജീവനോടെയോ അല്ലാതെയോ അവശേഷിക്കുന്നുവോ എന്ന കാര്യവും ഒരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. ഓരോ ദുരന്തത്തിലും നഷ്ടമാവുന്ന മനുഷ്യജീവനുകൾ ധാരാളമാണ്. അപ്രത്യക്ഷമാവുന്നവർ ഏറെയാണ്. ഗുരുതര പരിക്കുകളുമായോ ശരീരത്തിലെ അവയവങ്ങൾ



നഷ്ടപ്പെട്ടോ അബോധാവസ്ഥയിലോ കഴിയുന്നവർ കുറവല്ല. പ്രകൃതിയിൽ സംഭവിക്കുന്ന ക്ഷോഭങ്ങളും ദുരന്തങ്ങളും മനുഷ്യർക്ക് മുൻകൂട്ടി കാണാൻ സാധിക്കില്ലെന്ന് ഒരിക്കൽ കൂടി ബോധ്യപ്പെടുത്തുന്ന സംഭവമാണ് ഗംഗാവലി നദീതീരത്തുണ്ടായ അതിദാരുണമായ ഈ സംഭവം. സ്വന്തം കുടുംബത്തെ പോറ്റാൻ ഊണും ഉറക്കവും ഒഴിവാക്കി ശരീരം പേറുന്ന ക്ഷീണവും ദുർബലതകളും അവഗണിച്ചുകൊണ്ട് വലിയ ഭാരങ്ങളുമായി ആയിരക്കണക്കിന് മൈലുകൾ വലിയ വാഹനങ്ങൾ ഓടിച്ചുവരുന്ന പാവപ്പെട്ട നമ്മുടെ ഡ്രൈവർമാരും അവരുടെ സഹായത്തിനായി ജോലി ചെയ്യുന്ന കൂലിത്തൊഴിലാളികളും അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങളുടെ നേർചിത്രം കൂടിയാണ് ഷിരൂർ ദുരന്തം.

**മനുഷ്യൻ എത്ര അശക്തൻ**

ജോലിയുടെയും നീണ്ട യാത്രയുടെയും ക്ഷീണം മാറ്റുവാൻ വേണ്ടി വാഹനം റോഡിന്റെ ഒരു വശത്തേക്ക് മാറ്റിയിട്ട് ഉറങ്ങാൻ കിടന്ന ഒരാൾ തന്റെ മുകളിൽ ഒരു വലിയ മലയുണ്ടെന്നോ അത് പെട്ടെന്ന് തകർന്ന് തരിപ്പണമായി തന്റെ മുകളിലേക്ക് വീഴുമെന്നോ നിനച്ചിരിക്കാൻ ഒരു സാധ്യതയുമില്ല. ഓരോ മനുഷ്യന്റെയും ഓരോ നിമിഷവും ഇങ്ങനെയെല്ലാമാണ് കഴിഞ്ഞുപോകുന്നത്. താൻ സുരക്ഷിതനാണെന്ന ബോധ്യം മുന്നോട്ടുള്ള പ്രയാണത്തിന് ധൈര്യം പകരുമെങ്കിലും തന്റെ തൊട്ടടുത്ത നിമിഷം പോലും താൻ കരുതുന്നത് പോലെയല്ലെന്ന ബോധ്യമാണ് ഇത്തരം സംഭവങ്ങൾ സമ്മാനിക്കുന്നത്. ഓരോ നിമിഷത്തെ കുറിച്ചും നേരത്തെ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിധികളുണ്ടെന്നും അതെല്ലാം വിധിക്കുന്ന പ്രപഞ്ച സ്രഷ്ടാവിന്റെ അലംഘനീയമായ തീരുമാനങ്ങളാണ് അന്തിമമെന്നും മനുഷ്യനെ ഓർമപ്പെടുത്തുകയാണ് പ്രകൃതി ദുരന്തങ്ങളെന്നു നാം വിളിക്കുന്ന ഇത്തരം സംഭവങ്ങൾ.

**ശാസ്ത്രവും സാങ്കേതികതകളും പരിമിതം**

മനുഷ്യന്റെ അശക്തി എത്രമാത്രമെന്നുകൂടി ഈ സംഭവം വിളിച്ചറിയിക്കുന്നു. ഷിരൂർ ദുരന്തം റിപ്പോർട്ട് ചെയ്യുന്ന മാധ്യമങ്ങൾ വിവിധ അത്യാധുനിക ഉപകരണങ്ങളെക്കുറിച്ച് വാതോരാതെ സം

സാരിച്ചുകൊണ്ടിരുന്നു. വിവിധ തരം റഡാറുകൾ, ഡീപ് സെർച്ച് മെറ്റൽ ഡിറ്റക്റ്ററുകൾ, ഐ.എസ്. ആർ.ഓ ഇമേജുകൾ തുടങ്ങി നൂതനമായ വിവിധ സാങ്കേതിക സംവിധാനങ്ങളെ കുറിച്ചെല്ലാം എല്ലാവരും ചർച്ച ചെയ്തു. അതെല്ലാം ഉപയോഗിച്ചിട്ടും തൊട്ടു മുമ്പിൽ എവിടെയോ കുടുങ്ങിക്കിടക്കുന്ന അർജുൻ എന്ന ഏറെ പ്രതീക്ഷയോടെ മലയാളികളൊന്നടങ്കം കാത്തുനിൽക്കുന്ന സഹോദരനെ കണ്ടെത്തുവാൻ സാധിക്കുന്നില്ല. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്കും മനുഷ്യൻ നിർമിച്ചെടുക്കുന്ന കൃത്രിമേന്ദ്രിയങ്ങൾക്കും അതീതമായി അദൃശ്യതകളിൽ നിലനിൽക്കുന്ന എല്ലാറ്റിനെയും തേടിപ്പിടിക്കാൻ സാധ്യമല്ലെന്ന യാഥാർഥ്യമാണ് ഇത് വിളിച്ചറിയിക്കുന്നത്. ശാസ്ത്രത്തിന്റെയും സാങ്കേതികതയുടെയും പൊലിമയിൽ എല്ലാം തങ്ങൾ കീഴടക്കി എന്ന് അഹങ്കരിക്കുന്ന മനുഷ്യർ ഇതെല്ലാം തിരിച്ചറിയേണ്ടതുണ്ട്.

## മലയിടിച്ചിലുകൾ എന്തുകൊണ്ട്?

മലയിടിച്ചിലുകൾ ചരിത്രത്തിൽ ധാരാളമാണ്. മനുഷ്യാരംഭം മുതൽ ഇത്തരത്തിലുള്ള സംഭവങ്ങളുണ്ട്. പ്രകൃതിപരമായ കാരണങ്ങളാലും ദുര മൂത്ത മനുഷ്യരുടെ പ്രവർത്തനങ്ങളാലും ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു. മലകളിൽ പേമാരി കുത്തിച്ചൊരിയുമ്പോൾ ഭൂമിയിലേക്ക് ആണ്ടുപോവേണ്ട വെള്ളത്തിന് അതിന് സാധ്യമല്ലാത്ത വിധം തടസ്സങ്ങളുണ്ടാവുന്നു. മനുഷ്യകരങ്ങളുടെ പ്രവർത്തനങ്ങളാണ് ഇത്തരം തടസ്സങ്ങളുടെ അടിസ്ഥാനകാരണം. അങ്ങനെ മലമ്പ്രദേശങ്ങളിൽ അടിയിലേക്ക് ഇറങ്ങാൻ സാധിക്കാതെ കഷ്ടപ്പെടുന്ന വെള്ളം ഒടുവിൽ പാറക്കെട്ടുകളെയും തകർത്തെറിഞ്ഞ് പുറത്തേക്ക് കുതിക്കുന്നു. ഇങ്ങനെയാണ് ഉരുൾപൊട്ടലുകൾ ഉണ്ടാവുന്നത്. മലകളുടെ താഴ് വരകളിലും സമീപപ്രദേശങ്ങളിലും അതൊരു ദുരന്തമായിത്തീരുന്നു.

## ആവർത്തിക്കപ്പെടുന്ന ദുരന്തങ്ങൾ

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പലപ്പോഴും മണ്ണിടിച്ചിലും ഉരുൾപൊട്ടലുമുണ്ടായിട്ടുണ്ട്. 1948ൽ അസമിലെ ഗുവാഹത്തിയിൽ അഞ്ഞൂറ് പേരുടെ ജീവനെടുത്തുവെങ്കിൽ 1968ൽ പശ്ചിമ ബംഗാളിലെ ഡാർജലിംഗിൽ ആയിരക്കണക്കിനാളുകളാണ് മരണം പൂകിയത്. 1998 ൽ ഉത്തരാഖണ്ഡ് മാൽപയിലും രണ്ടായിരത്തിൽ മുംബൈയിലുമുണ്ടായ ഉരുൾപൊട്ടലുകൾ പ്രസിദ്ധമാണ്. മഹാരാഷ്ട്രയിൽ 2014 ലും 2021 ലും 2023 ലും ദുരന്തങ്ങളുണ്ടായിട്ടുണ്ട്. ഹിമാലയ പർവതങ്ങളിലും അതിന്റെ താഴ് വരകളിലും നിരവധി തവണ സംഭവിച്ചിട്ടുണ്ട്. 2013 ജൂണിൽ ഉത്തരാഖണ്ഡിലുണ്ടായ ദുരന്തമാണ് സമീപകാലത്ത് ഇന്ത്യ കണ്ട ഏറ്റവും വലിയ മലയിടിച്ചിൽ ദുരന്തം. 6054 പേർക്കാണ് അവിടെ ജീവൻ നഷ്ടമായത്.

പ്രകൃതിപരമായ കാരണങ്ങളാലും ദുര മൂത്ത മനുഷ്യരുടെ പ്രവർത്തനങ്ങളാലും ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു. മലകളിൽ പേമാരി കുത്തിച്ചൊരിയുമ്പോൾ ഭൂമിയിലേക്ക് ആണ്ടുപോവേണ്ട വെള്ളത്തിന് അതിന് സാധ്യമല്ലാത്ത വിധം തടസ്സങ്ങളുണ്ടാവുന്നു. മനുഷ്യകരങ്ങളുടെ പ്രവർത്തനങ്ങളാണ് ഇത്തരം തടസ്സങ്ങളുടെ അടിസ്ഥാനകാരണം. അങ്ങനെ മലമ്പ്രദേശങ്ങളിൽ അടിയിലേക്ക് ഇറങ്ങാൻ സാധിക്കാതെ കഷ്ടപ്പെടുന്ന വെള്ളം ഒടുവിൽ പാറക്കെട്ടുകളെയും തകർത്തെറിഞ്ഞ് പുറത്തേക്ക് കുതിക്കുന്നു. ഇങ്ങനെയാണ് ഉരുൾപൊട്ടലുകൾ ഉണ്ടാവുന്നത്. മലകളുടെ താഴ്‌വരകളിലും സമീപ്രദേശങ്ങളിലും അതൊരു ദുരന്തമായിത്തീരുന്നു.

## കേരളവും അനുഭവിച്ചിട്ടുണ്ട്

കേരളത്തിൽ വയനാട് പലപ്പോഴും ഇങ്ങനെയുള്ള ദുരന്തങ്ങൾക്ക് സാക്ഷിയാണ്. 2018 ലെ വലിയ പ്രളയത്തോടനുബന്ധിച്ചുണ്ടായ മലയിടിച്ചിലിൽ തകർന്നുപോയ പഞ്ചാരക്കൊല്ലി, അവിലാഞ്ചി കുറിച്ചിയാർ മല, പ്ലാമൂല, ഒഴക്കോടി, വൈത്തിരി തുടങ്ങിയ സ്ഥലങ്ങൾ മലയാളികൾ മറക്കില്ല. 2019 ആഗസ്റ്റിൽ നിലമ്പൂരിനടുത്ത് കവളപ്പാറയിൽ ഉണ്ടായ വലിയ മലയിടിച്ചിലിൽ 45 വീടുകളാണ് ഭൂമിക്കടിയിലായത്. 59 ജീവനുകൾ നഷ്ടമായ ദുരന്തത്തിൽ 48 പേരുടെ മൃതദേഹങ്ങൾ മാത്രമാണ് കണ്ടെത്താൻ സാധിച്ചത്. ബാക്കി 11 പേരുടെ മൃതദേഹങ്ങൾ ഇപ്പോഴും മണ്ണിനടിയിൽ അന്ത്യവിശ്രമം കൊള്ളുകയാണ്. സമീപപ്രദേശങ്ങളായ മലാംകുണ്ട്, മുട്ടിപ്പാലം, പാതാർ, പാത്രകുണ്ട്, വെള്ളിമുറ്റം, കൈപ്പിനി എന്നിവിടങ്ങളിലും അന്ന്

വലിയ ദുരന്തങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതേ സമയം തന്നെയാണ് വയനാട് മേപ്പാടിക്കടുത്ത പുത്തുമലയിലും ഒരു ആരാധനാലയമടക്കം ഭൂമിയുടെ അടിയിലേക്ക് ആണ്ടുപോയ മലയിടിച്ചിൽ സംഭവിച്ചത്. 2001ൽ തിരുവനന്തപുരം ജില്ലയിലെ അമ്പൂരിയിൽ 39 പേർ മരണപ്പെട്ട ദുരന്തവും സമാനമാണ്.

### സംരക്ഷണം തേടുന്ന പശ്ചിമഘട്ടം

ഗുജറാത്ത് മുതൽ കേരളം വരെ നീളുന്ന സഹ്യാദ്രി എന്ന് വിളിക്കപ്പെടുന്ന പശ്ചിമഘട്ടം വളരെ സൂക്ഷ്മസംവേദന ക്ഷമതയുള്ള പ്രദേശമാണ്. പശ്ചിമഘട്ടത്തിന്റെ മലനിരകളുടെ വിവിധ ഭാഗങ്ങളിൽ എത്രയെത്ര ദുരന്തങ്ങളുണ്ടായി. ഇപ്പോൾ ദുരന്തമുണ്ടായ അങ്കോലയും ഇതേ ഭൂപ്രദേശത്തിലാണ് ഉൾപ്പെടുന്നത്. അനവധി നിരവധി ദുരന്തങ്ങളുണ്ടായിട്ടും ഇപ്പോഴും പശ്ചിമഘട്ടത്തെ അറിഞ്ഞുകൊണ്ടുള്ള നിർമാണപ്രവർത്തന



കവളപ്പാറ

ങ്ങളും പാറപൊട്ടിക്കലുമല്ല അവിടങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അങ്കോലയിലുണ്ടായ ദുരന്തത്തിന്റെ അടിസ്ഥാന കാരണങ്ങളെ കുറിച്ചുള്ള അന്വേഷണം ഇപ്പോഴും തുടങ്ങിയിട്ടില്ല. ദുരന്തം വാർത്താ മാധ്യമങ്ങളിൽ ഇടംപിടിക്കുകയും അതിനെ സംബന്ധിച്ച ഉദ്വേഗജനകമായ വാർത്തകളും ചർച്ചകളുമായി അത് അവസാനിക്കുകയാണ് ചെയ്യുന്നത്. മാധ്യമങ്ങൾക്കും ഭരണകൂടങ്ങൾക്കും അപ്പോഴേക്കും മറ്റു വിഷയങ്ങൾ ലഭിച്ചുകാണും. അന്തിമ പരിഹാരമുണ്ടാക്കാനുള്ള ആത്മാർഥത ആരും പ്രകടിപ്പിക്കുന്നില്ല എന്നതാണ് യാഥാർഥ്യം. പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഗാഡ്ഗിൽ അടക്കമുള്ള നിരവധി റിപ്പോർട്ടുകൾ ഔദ്യോഗിക അലമാരകളിൽ ചിതലരിച്ചു കിടക്കുകയാണ്.

### അശാസ്ത്രീയ നിർമാണങ്ങൾ

അങ്കോലയിൽ ദുരന്തമുണ്ടായ പ്രദേശത്തുകൂടിയാണ് ദേശീയ പാത 66 കടന്നുപോവുന്നത്. ഒരു ഭാഗത്ത് കുന്നും മറുഭാഗത്ത് ഗംഗാവലി പുഴയുമാണ്. ശക്തമായ പേമാരിക്കാലത്ത് അതിഭീകരമായി ഒഴുകുന്ന നദിയാണ് ഗംഗാവലി. അതായത് ദേശീയപാതയുടെ ഇരുഭാഗത്തും ഏതുസമയത്തും അപകടസാധ്യതയുണ്ട് എന്നർഥം. ബ്രിട്ടീഷുകാരുടെ കാലത്ത് ഈ റോഡ് നിർമിച്ചപ്പോൾ മലയുടെ അടിഭാഗത്ത് മലയിടിച്ചിലിനെ താങ്ങാൻ ശക്തിയുള്ള വലിയ കോൺഗ്രീറ്റ് മതിലുകൾ ഉണ്ടായിരുന്നു. അതിനുശേഷം ഒരുപാടു കാലം ഇവിടെ മഴ പെയ്തു. ഗംഗാവലി പുഴയിലൂടെ വെള്ളം ഒഴുകുകയും ചെയ്തു. അവിടെ വലിയ ദുരന്തങ്ങൾ ഉണ്ടായില്ല. എന്നാൽ ഇപ്പോൾ ദേശീയപാത വികസനത്തിന്റെ ഭാഗമായി ഈ മലകളെ ഇടിച്ചും മറ്റു വിധേനയും അശാസ്ത്രീയമായി റോഡ് നിർമാണം പുരോഗമിച്ചതോടെ അപകടങ്ങൾ ഉണ്ടായിത്തുടങ്ങി. ദുരന്തങ്ങൾ ഉണ്ടായാൽ അവിടെ ഇടപെടാനുള്ള സംവിധാനങ്ങളും സംഘങ്ങളുമെല്ലാം രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ദുരന്തങ്ങൾ വരാതെ നോക്കാനുള്ള സൂക്ഷ്മതയോ ജാഗ്രതയോ ഇല്ല എന്നതാണ് നമ്മുടെ സമൂഹത്തിന്റെ പ്രശ്നം.

### സേവനരംഗത്തെ പൊതുജന പങ്കാളിത്തം

ഒരു ദുരന്തമുണ്ടായിക്കഴിഞ്ഞാൽ അതിൽ പരിക്കേറ്റവരെ കണ്ടെത്താനും മരണപ്പെട്ടവരുടെ മൃതശരീരം വീണ്ടെടുക്കാനും പ്രാഥമികമായി ആവശ്യമായത് മനുഷ്യവിഭവശേഷിയാണ്. ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും ടെക്നൊളജിയുടെയുമെല്ലാം സഹായം തേടാമെങ്കിലും പ്രാഥമി

കമായി സഹായമനഃസ്ഥിതിയുള്ള മനുഷ്യരുടെ സേവനമാണ് ആവശ്യമായിട്ടുള്ളത്. ഒരു സർക്കാർ സംവിധാനത്തിന് ചെയ്യാവുന്നതിനും പതിന്മടങ്ങ് സന്നദ്ധ സഹായ സംഘങ്ങളുടെ കൂട്ടായ പരിശ്രമങ്ങളിലൂടെ ചെയ്യാൻ സാധിക്കും എന്ന കാര്യം പലപ്പോഴും തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. കോവിഡ് മഹാമാരി പടർന്നു പന്തലിച്ചു നിൽക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ശക്തമായ പ്രോട്ടോക്കോളുകൾ നിലനിൽക്കുന്ന സാഹചര്യത്തിലായിരുന്നു കരിപ്പൂർ വിമാനദുരന്തമുണ്ടായത്. അവിടെ പ്രവർത്തിച്ചത് സർക്കാർ സംവിധാനങ്ങളല്ല. നാട്ടുകാരും വിവിധ സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുമാണ് കൈകോർത്തത്. പരിക്കേറ്റവരെ വീണ്ടെടുക്കാനും അവർക്ക് വളരെ പെട്ടെന്ന് ചികിത്സ നൽകാനും സാധിച്ചത് അവരുടെ സാന്നിധ്യം ഉണ്ടായതുകൊണ്ട് മാത്രമാണ്.

### മാപ്പിള ഖലാസിമാരെ ഓർക്കുമ്പോൾ

1988 ജൂലൈ മാസത്തിലാണ് പെരുമൺ തീവണ്ടി ദുരന്തമുണ്ടായത്. 80 പേരുടെ ജീവൻ അപഹരിച്ച് ഐലൻഡ് എക്സ്പ്രസ് അഷ്ടമുടിക്കായലിൽ പതിച്ചപ്പോൾ ബോഗികൾ പൊക്കിയെടുത്തത് ബേപ്പൂരിലെ മാപ്പിള ഖലാസികളായിരുന്നു. റെയിൽവേയുടെ ക്രെയിനുകൾ പരാജയപ്പെട്ടിടത്താണ് 35 ഖലാസികൾ അവ പൊക്കിയെടുത്തത് എന്നത് മനുഷ്യവിഭവശേഷിയുടെ പ്രാധാന്യമാണ് വിളിച്ചോതുന്നത്. കോഴിക്കോട് വിമാനത്താവളത്തിൽ ഒരിക്കൽ റൺവേയിൽ നിന്ന് വിമാനം തെന്നിമാറിയപ്പോൾ വിമാനത്തെ റൺവേയിലേക്ക് തിരിച്ചെത്തിച്ചതും മാപ്പിള ഖലാസിമാരായിരുന്നു. കേരളം, പ്രത്യേകിച്ച് മലപ്പുറവും മലബാറും ഇക്കാര്യത്തിൽ കാണിച്ച മാതൃക മഹനീയമാണ്. കഴിഞ്ഞ രണ്ടു പ്രളയകാലത്തും പിന്നീടുണ്ടായ കോവിഡ് കാലത്തും മലയാളികൾ തോളോട് ചേർന്ന് പ്രവർത്തിച്ചത് ലോകത്തിന്റെ പ്രശംസ പിടിച്ചുപറ്റിയിരുന്നു.

### ദുരന്തത്തോടുള്ള അങ്കോലയുടെ പ്രതികരണം

കേരളത്തിന് പുറത്ത് ഇത്തരത്തിൽ ജനങ്ങൾക്കിടയിൽ പരസ്പര സഹായ സാമൂഹ്യബോധം ഉണ്ടോ എന്നത് സംശയമാണ്. അതുകൊണ്ടുതന്നെയാവണം ഇത്ര വലിയ ദുരന്തം ഉണ്ടായിട്ടും അങ്കോലയിൽ നാട്ടുകാരുടെ യാതൊരു സാന്നിധ്യവും അവിടെ കാണാതെ പോയത്. ചരിത്രത്തിൽ അങ്കോലക്ക് വലിയ പോരാട്ട കഥകൾ പറയാനുണ്ട്. 1930 ൽ മഹാത്മജി ഉപ്പു സത്യാഗ്രഹത്തിന് ആഹ്വാനം ചെയ്തപ്പോൾ സബർമതിക്ക് പുറത്ത് ഉപ്പു സത്യാഗ്രഹം നടന്ന അപൂർവ്വം സ്ഥലങ്ങളിൽ ഒന്നാണ് അങ്കോല. പക്ഷേ, അത്തരം പോരാട്ടവീര്യങ്ങളൊന്നും ഈ ദുരന്തമുണ്ടായപ്പോൾ അവിടെ കണ്ടില്ല. അവിടെയുള്ള ഭരണസംവിധാനങ്ങളും നിസ്സംഗമായിട്ടാണ് ദുരന്തത്തോട് പ്രതികരിച്ചത്. ജില്ലാ ഭരണകൂടമോ കർണാടക സർക്കാറോ വേണ്ടത്ര സഹകരിച്ചില്ല എന്നത് വസ്തുതയാണ്. സ്ഥലത്തെ എംഎൽഎ മാത്രമാണ് പ്രശ്നത്തിൽ കാര്യമായി പ്രവർത്തിച്ചത്. അതേസമയം കേരളത്തിൽ നിന്ന് മാധ്യമപ്രവർത്തകർ ഒഴുകുകയും കോഴിക്കോട് എംപി, മഞ്ചേശ്വരം എംഎൽഎ തുടങ്ങിയവർ സ്ഥലത്തെത്തുകയും ചെയ്തത് കേരളത്തിന്റെ അഭിമാനം ഉയർത്തുകയും ചെയ്തു.

> ഒരു സർക്കാർ സംവിധാനത്തിന് ചെയ്യാവുന്നതിനും പതിന്മടങ്ങ് സന്നദ്ധ സഹായ സംഘങ്ങളുടെ കൂട്ടായ പരിശ്രമങ്ങളിലൂടെ ചെയ്യാൻ സാധിക്കും എന്ന കാര്യം പലപ്പോഴും തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. കോവിഡ് മഹാമാരി പടർന്നു പന്തലിച്ചു നിൽക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ശക്തമായ പ്രോട്ടോക്കോളുകൾ നിലനിൽക്കുന്ന സാഹചര്യത്തിലായിരുന്നു കരിപ്പൂർ വിമാനദുരന്തമുണ്ടായത്. അവിടെ പ്രവർത്തിച്ചത് സർക്കാർ സംവിധാനങ്ങളല്ല. നാട്ടുകാരും വിവിധ സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുമാണ് കൈകോർത്തത്. പരിക്കേറ്റവരെ വീണ്ടെടുക്കാനും അവർക്ക് വളരെ പെട്ടെന്ന് ചികിത്സ നൽകാനും സാധിച്ചത് അവരുടെ സാന്നിധ്യം ഉണ്ടായതുകൊണ്ട് മാത്രമാണ്.

### മാതൃകയായി കേരളത്തിലെ സാമൂഹിക പ്രവർത്തകർ

ദുരന്തഭൂമിയിൽ അത്യധ്വാനം ചെയ്ത കേരളത്തിൽ നിന്നുള്ള സാമൂഹിക പ്രവർത്തകരെ പ്രത്യേകം അഭിനന്ദിക്കേണ്ടതാണ്. രഞ്ജിത്ത് ഇസ്രായേൽ എന്ന സന്നദ്ധ പ്രവർത്തകന്റെ ഇടപെടലാണ് അർജുനെ കണ്ടെത്താനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടിയത്. രാജ്യം

നേരിട്ട പല ദേശീയ ദുരന്തങ്ങളിലും രക്ഷാപ്രവർത്തകനായി ദ്രുതകർമ സേനക്കൊപ്പം രഞ്ജിത്ത് ഉണ്ടായിരുന്നു. ഉത്തരാഖണ്ഡിലും കവളപ്പാറയിലും രഞ്ജിത്ത് സേവനനിരതനായി ഉണ്ടായിരുന്നു. ഇപ്പോൾ അങ്കോലയിലും സേവനപ്രവർത്തകനായി ആദ്യമെത്തിയ സിവിലിയനും അദ്ദേഹമായിരുന്നു. ഭരണകൂടത്തിന്റെ ശ്രദ്ധ അങ്കോലയിലേക്ക് എത്തിക്കുന്നതിൽ റിപ്പോർട്ടർ ചാനൽ എഡിറ്റർ ഡോ. അരുൺകുമാർ നിർവഹിച്ച പങ്കും ഏറെ പ്രശംസനീയമാണ്.

### അലംഭാവം വരുത്തിയ വിന

ഒരു ദുരന്തമുണ്ടാവുമ്പോൾ ചെയ്യേണ്ട അടിയന്തര നടപടികൾ ഒന്നും തന്നെ അവിടെ കണ്ടില്ല എന്നത് രാജ്യത്തിന് നാണക്കേടാണ്. സ്വന്തം നാട്ടുകാർ പോലും മണ്ണിനടിയിൽ പോയിട്ടും ദേശീയപാത ഗതാഗത യോഗ്യമാക്കുന്നതിലായിരുന്നു അധികൃതരുടെ



താല്പര്യം എന്നത് മനുഷ്യജീവന് ഒട്ടും മൂല്യം കല്പിക്കുന്നില്ല എന്നതിന്റെ തെളിവാണ്. സ്വന്തമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ലെങ്കിൽ പ്രവർത്തിക്കാൻ തയ്യാറുള്ളവരുടെ സേവനം ഉപയോഗപ്പെടുത്താനെങ്കിലും ഉദ്യോഗസ്ഥർ തയ്യാറാവേണ്ടതായിരുന്നു. ഭൂമിക്കടിയിൽ പോയ മനുഷ്യരെയും ലോറികളെയും ലൊക്കേറ്റ് ചെയ്യുന്നതിന് മുമ്പായി റോഡ് ഗതാഗത യോഗ്യമാക്കുന്നതിന്റെ ഭാഗമായി ഇടിഞ്ഞുവന്ന മണ്ണ് ഒരു മുൻ ആലോചനയുമില്ലാതെ നീക്കിയത് കുറ്റകരമാണ്. ശ്വാസത്തിനായി പിടയുന്ന ജീവനുകൾക്ക് മുകളിലേക്കാണോ അട്ടിയട്ടിയായി മണ്ണ് കോരിയിട്ടത് എന്ന സംശയം പലരും പ്രകടിപ്പിക്കുന്നുണ്ട്.

### ഇനിയും ഉണരേണ്ട പൊതുസംവിധാനങ്ങൾ

നമ്മുടെ രാജ്യത്തിന് ഒരു ദുരന്ത നിവാരണ സേനയുണ്ട്. നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (എൻ.ഡി.ആർ.എഫ്) എന്നാണതിന്റെ പേര്. സംസ്ഥാന തലങ്ങളിൽ പ്രവർത്തിക്കുന്ന എസ്.ഡി.ആർ.എഫുമുണ്ട്. അതിനും പുറമെ ആർമിയും നേവിയും എല്ലാമുണ്ട്. എന്നാൽ ദേശീയ ദുരന്തത്തിന് സമാനമായ ഒരു സംഭവം ഉണ്ടായിട്ടും ഇവരുടെയൊന്നും കാര്യമായ റെസ്പോൺസ് ഉണ്ടായില്ല എന്നത് ന്യായീകരിക്കാൻ കഴിയുന്ന കാര്യമല്ല. സംഭവം നടന്ന് ദിവസങ്ങൾക്ക് ശേഷം കേരളത്തിൽ നിന്നും മുറവിളികൾ ഉയർന്നപ്പോൾ മാത്രമാണ് ഒട്ടും സജ്ജീകരണമില്ലാത്ത പരിശോധന എന്ന പേരിൽ ചില കാര്യങ്ങൾ നടന്നത്.

### മനുഷ്യജീവന്റെ വില

ഇത്രമാത്രം അന്വേഷിച്ചു കണ്ടുപിടിക്കേണ്ട ഏത് വിഐപിയാണ് മണ്ണിനടിയിൽ എന്ന് ഒരു പോലീസ് ഉദ്യോഗസ്ഥൻ ചോദിച്ചതായി റിപ്പോർട്ടുണ്ട്. ഇതാണ് ഉദ്യോഗസ്ഥരുടെയും ഭരണകൂടത്തിന്റെയും നിലപാടെങ്കിൽ സാധാരണക്കാരുടെ ജീവന് എന്ത് വിലയാണ് നമ്മുടെ രാജ്യം നൽകുന്നത് എന്ന ചോദ്യം പ്രസക്തമാവുകയാണ്. മനുഷ്യ ജീവന്റെ വിലയെ കുറിച്ചറിയണമെങ്കിൽ അതിനെ സൃഷ്ടിച്ച സ്രഷ്ടാവിനെ കുറിച്ചുള്ള ബോധവും നൈതിക കാഴ്ചപ്പാടും സദാചാര ചിന്തയും അനിവാര്യമാണ്. ഒരു മനുഷ്യജീവന് ലോകത്തെ മുഴുവൻ ജീവനുകളുടെയും വിലയുണ്ടെന്നാണ് ഖുർആൻ പ്രസ്താവിക്കുന്നത്. വിഐപിയെന്നോ സാധാരണക്കാരനെന്നോ ധനികനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ എല്ലാവരുടെയും ജീവന് തുല്യവി

ലയാണ് കല്പിക്കപ്പെടേണ്ടത്. നമ്മുടെ ഭരണഘടനയുടെ അനുച്ഛേദം 21 അനുശാസിക്കുന്നതും അതുതന്നെയാണ്. വേദഗ്രന്ഥങ്ങൾ ഏറെ വായിക്കപ്പെടുകയും ഭരണഘടനയെ കുറിച്ച് വലിയ ഭാഷണങ്ങൾ നടത്തപ്പെടുകയും ചെയ്യുന്ന രാജ്യത്തെ ഭരണകൂടത്തിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും ജീവന്റെ വിലയെ കുറിച്ചുള്ള പ്രതികരണങ്ങൾ ഇത്തരത്തിലുള്ളതാണെങ്കിൽ ജനാധിപത്യമെന്ന വിശുദ്ധമായ ആശയത്തിന് എന്ത് മൂല്യമാണുണ്ടാവുക!

### വിധിയും പ്രത്യാശയും പ്രതീക്ഷയും

ദുരന്തങ്ങൾ ഇനിയുമുണ്ടാകും. അതിലുണ്ടാവുന്ന നഷ്ടങ്ങളെക്കുറിച്ചും ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടുപോകുന്നതിനെ കുറിച്ചും ഏതൊരു മനുഷ്യനും സങ്കടവും നിരാശയുമുണ്ടാകും. മനുഷ്യസഹജമായ അത്തരം വികാരങ്ങളെ കാണാത്തവർ ഭരണകൂട ഉദ്യോഗസ്ഥ നേതൃത്വങ്ങളിൽ ഉണ്ടായിക്കൂടാ. അതേസമയം ലോകത്തെ ഏത് ഭരണകൂടവും സംവിധാനങ്ങളും എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിച്ചാലും തിരിച്ചുകിട്ടാത്ത ഒരുപാട് സൗഭാഗ്യങ്ങളുണ്ട്. അവയെ കുറിച്ച് വിലപിക്കുന്നതിൽ അർത്ഥമില്ല. ക്ഷമയും ആത്മസംയമനവും കൈവിടാതെ സൂക്ഷിക്കുകയാണ് വേണ്ടത്. ലോകത്തെ മുഴുവൻ ജനങ്ങളും ഒന്നിച്ച് പ്രവർത്തിച്ചാലും വിധിയെ മറികടക്കാൻ കഴിയില്ല. ഭൂമിക്കടിയിൽ ആണ്ടുപോയി എന്ന് വിശ്വസിക്കപ്പെടുന്ന അർജുൻ അടക്കമുള്ള എല്ലാവരും ഒരു നാൾ തിരിച്ചുവരുമെന്നതാണ് വിധിയെങ്കിൽ തിരിച്ചുവരിക തന്നെ ചെയ്യും. അതിൽ ഏതാണ് നല്ലത് എന്നേറ്റവും കൂടുതൽ അറിയുന്നത് സ്രഷ്ടാവാണ്. അവനിലാണ് പ്രതീക്ഷ വെക്കേണ്ടത്. ഏറ്റവും നല്ലതിലേക്ക് അവൻ നയിക്കട്ടെ എന്ന് പ്രത്യാശിക്കാം. ■



അബ്ദുൽ മാലിക് സലഫി
: 96565 30656

നന്മകൾ കൊണ്ട് റബ്ബിലേക്ക് അടുക്കുക, നല്ലവരോട് പ്രാർഥിക്കാൻ പറയുക എന്നതിനപ്പുറത്ത് അല്ലാഹുവിനും അടിമക്കും ഇടയിൽ ഇടയാളനെ വെച്ച് അവരോട് പ്രാർഥിക്കുന്ന രീതി പ്രമാണങ്ങൾക്കപരിചിതമാണ്. എന്നിരിക്കെയാണ് 'നേരിട്ട് പറഞ്ഞാൽ പോരേ, എന്തിനാണ് ഇടയാളന്മാർ?' എന്ന ചോദ്യത്തിനെതിരെ ചിലർ കത്തുമായി വന്നിരിക്കുന്നത് (ആ കത്ത് അയക്കുന്നതിലെ പ്രമുഖനും സ്വീകരിക്കുന്നതിലെ പ്രമുഖനും ഒരാൾ തന്നെ എന്ന കൗതുകവുമുണ്ട്!).



# ഏറ്റവും അടുത്തവനിലേക്ക് അടുക്കാൻ ഇടയാളനോ?

അല്ലാഹുവിനോട് പ്രാർഥിക്കാൻ ഇടയാളനെ ആവശ്യമില്ല എന്നതാണ് ഇസ്‌ലാമിന്റെ അടിത്തറ. ആദം നബി(അ) മുതൽ മുഹമ്മദ് നബി (സ) വരെയുള്ള പ്രവാചകന്മാർ പഠിപ്പിച്ചതും ചെയ്തതും ഇക്കാര്യമാണ്. വിശുദ്ധ ഖുർആനിലെ മുഴുവൻ പ്രാർഥനകളും അല്ലാഹുവിനോട് നേരിട്ടാണ്. ഹദീസിൽ പഠിപ്പിക്കപ്പെട്ട മുഴുവൻ പ്രാർഥനകളും റബ്ബിനോട് നേരിട്ടാണ്. അല്ലാഹു നമ്മുടെ സമീപസ്ഥനാണ്. അവനിലേക്ക് എന്തിന് മറ്റൊരു ഇടയാളൻ? അല്ലാഹു പറയുന്നു:

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ [سُورَةُ البَقَرَة: ١٨٦]

'നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.)

പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്.'

റബ്ബിനോട് നേരിട്ട് ചോദിച്ചാൽ അവൻ നമുക്ക് ഉത്തരം നൽകും എന്ന് അവൻ നമ്മോട് ഉറപ്പിച്ച് പറഞ്ഞിരിക്കുന്നു! ഈ ആഹ്വാനം നിങ്ങൾ സ്വീകരിക്കണം എന്നും അല്ലാഹു പറഞ്ഞിരിക്കുന്നു! ഇത്രയും വ്യക്തമായി റബ്ബ് പറഞ്ഞിരിക്കെ പിന്നെ എവിടുന്നാണ് ഇടയാള വാദം കടന്നുവന്നത്? വീണ്ടും പറയുന്നു:

فَٱسۡتَغۡفِرُوهُ ثُمَّ تُوبُوٓاْ إِلَيۡهِۚ إِنَّ رَبِّى قَرِيبٌ مُّجِيبٌ
[سُورَةُ هُودٍ: ٦١]

'നിങ്ങൾ അവനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. തീർച്ചയായും എൻെറ രക്ഷിതാവ് അടുത്തു തന്നെയുള്ളവനും (പ്രാർഥനക്ക്) ഉത്തരം നൽകുന്നവനുമാകുന്നു.'

ഏറ്റവും അടുത്തവനിലേക്ക് അടുക്കാൻ ഇടയാളനോ? അതാവശ്യമില്ല. ഇടയാളവാദം പുതിയതാണ്. അതിനാൽതന്നെ അത് വഴികേടുമാണ്. വഴികേടുകൾ ചെന്നെത്തുക നരകത്തിലേക്കുമാണ്. അപ്പോൾ ഉയരാവുന്ന ചോദ്യമിതാണ്: وَٱبۡتَغُوٓاْ إِلَيۡهِ ٱلۡوَسِيلَةَ അല്ലാഹുവിലേക്ക് നിങ്ങൾ വസീലതേടുക' എന്ന് അല്ലാഹു പറഞ്ഞിട്ടില്ലേ? ഉണ്ട്! അതിനർഥം അല്ലാഹുവിനും അടിമക്കും ഇടയിൽ ഇടയാളനെ വെക്കണം എന്നല്ല. അത് ദുർവ്യാഖ്യാനമാണ്. ശരിയായ അർഥം എന്താണ്? തഫ്സീർ ജലാലൈനി തന്നെ പറയട്ടെ:

ما يُقَرِّبكُمْ إلَيْهِ مِن طاعَته 'അവനിലേക്കടുപ്പിക്കുന്ന നന്മകൾ ചെയ്യുക.' ഇതാണ് ഉദ്ദേശ്യം! ഇമാം ത്വബ്രി (റഹി) പറയുന്നു:

عن قتادة قوله:»وابتغوا إليه الوسيلة«،
أي: تقربوا إليه بطاعته والعملِ بما يرضيه

"താബിഈ പ്രമുഖനായ ഖതാദ(റഹി) പറയുന്നു: അവൻ ഇഷ്ടപ്പെടുന്ന നന്മകളിലൂടെ നിങ്ങൾ അവനിലേക്കടുക്കുക." മറ്റൊരു സംശയം:

اللهم إنِّي أسألُكَ وأتوسَّلُ إليكَ بنبيّكَ
محمَّدٍ نبيِّ الرَّحمةِ،

"അല്ലാഹുവേ, നിന്റെ നബിയെ കൊണ്ട് ഞാൻ വസീലയാക്കുന്നു" എന്ന് ഹദീസിൽ ഇല്ലേ എന്നതാണ്. ഉണ്ട്. ഇവിടെയും അല്ലാഹുവിനും അടിമക്കും ഇടയിൽ ഇടയാളനെ വേണം എന്നല്ല. കാരണം ഹദീസിന്റെ ആദ്യഭാഗം അത് വ്യക്തമാക്കുന്നുണ്ട്.

ادعُ اللَّهَ أن يعافيَني قالَ : إن شئتَ دعوتُ وإن
شِئتَ صبرتَ فَهوَ خيرٌ لَكَ . قالَ : فادعُهْ ،

അന്ധനായ സ്വഹാബി വന്ന് നബി(സ്വ)യോട് അദ്ദേഹത്തിന് വേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെടുകയാണ്. നബി(സ്വ) അദ്ദേഹത്തോട് 'പ്രാർഥിക്കാം' എന്നും പറയുന്നു. ജീവിച്ചിരിക്കുന്നവരോട് തനിക്ക് വേണ്ടി താങ്കൾ പ്രാർഥിക്കണമെന്നും എന്ന് പറയുന്നതിൽ തെറ്റില്ല. ഇതിൽ എവിടെയാണ് ഇടയാളവാദത്തിന് തെളിവ്? അബ്ബാസ്(റ)വിനെ മഴക്കു വേണ്ടിയുള്ള പ്രാർഥനയിൽ ഇമാമാക്കിയതും ഇതിനു സമാനമാണ്.

നന്മകൾ കൊണ്ട് റബ്ബിലേക്ക് അടുക്കുക, നല്ലവരോട് പ്രാർഥിക്കാൻ പറയുക എന്നതിനപ്പുറത്ത് അല്ലാഹുവിനും അടിമക്കും ഇടയിൽ ഇടയാളനെ വെച്ച് അവരോട് പ്രാർഥിക്കുന്ന രീതി പ്രമാണങ്ങൾക്കപരിചിതമാണ്. എന്നിരിക്കെയാണ് 'നേരിട്ട് പറഞ്ഞാൽ പോരേ, എന്തിനാണ് ഇടയാളന്മാർ?' എന്ന ചോദ്യത്തിനെതിരെ ചിലർ കത്തുമായി വന്നിരിക്കുന്നത് (ആ കത്ത് അയക്കുന്നതിലെ പ്രമുഖനും സ്വീകരിക്കുന്നതിലെ പ്രമുഖനും ഒരാൾ തന്നെ എന്ന കൗതുകവുമുണ്ട്!).

തൗഹീദിനെതിരെ കത്തയക്കാൻ കാണിക്കുന്ന ആവേശത്തിന്റെ ആയിരത്തിൽ ഒരംശം ഇവർ മൂത്തേടം കാസിമിക്കെതിരെ അയക്കാൻ കാണിച്ചിരുന്നുവെങ്കിൽ! എന്തൊക്കെ കുഫ്രിയത്തുകൾ അയാളുടെ വായിലൂടെ വന്നു! ഇപ്പോൾ സർവ മത സത്യവാദത്തിൽ എത്തിയിരിക്കുന്നു ഗവേഷണം! പ്രമാണങ്ങളെ സ്വന്തമായി വ്യാഖ്യാനിച്ച് പ്രമാണി ചമയാൻ നോക്കിയതിന്റെ ദുരന്തമാണിത്! സമസ്ത 'കമ' മിണ്ടിയോ? ലെറ്റർ പാഡിന്റെ ഒരു ലീഫ് കാസിമിക്കും പോകട്ടെ! തനിച്ച ശീഈ ആശയക്കാരനായ സി. ഹംസ ഇപ്പോഴും സമസ്തയുടെ ഉള്ളിൽ തന്നെ! സ്വഹാബിയായ മുആവിയ(റ) മദ്യപാനിയും കൊലപാതകിയുമാണ് എന്ന് എഴുതിയ ഇയാൾക്കെതിരെ സമസ്ത വല്ല സർക്കുലറും ഇറക്കിയോ?

തൗഹീദിനെതിരെ കത്തയക്കാൻ കാണിക്കുന്ന ആവേശത്തിന്റെ ആയിരത്തിൽ ഒരംശം ഇവർ മൂത്തേടം കാസിമിക്കെതിരെ അയക്കാൻ കാണിച്ചിരുന്നുവെങ്കിൽ! എന്തൊക്കെ കുഫ്രിയത്തുകൾ അയാളുടെ വായിലൂടെ വന്നു! ഇപ്പോൾ സർവ മത സത്യവാദത്തിൽ എത്തിയിരിക്കുന്നു ഗവേഷണം! പ്രമാണങ്ങളെ സ്വന്തമായി വ്യാഖ്യാനിച്ച് പ്രമാണി ചമയാൻ നോക്കിയതിന്റെ ദുരന്തമാണിത്! സമസ്ത 'കമ' മിണ്ടിയോ? ലെറ്റർ പാഡിന്റെ ഒരു ലീഫ് കാസിമിക്കും പോകട്ടെ! തനിച്ച ശീഈ ആശയക്കാരനായ സി. ഹംസ ഇപ്പോഴും സമസ്തയുടെ ഉള്ളിൽ തന്നെ! സ്വഹാബിയായ മുആവിയ(റ) മദ്യപാനിയും കൊലപാതകിയുമാണ് എന്ന് എഴുതിയ ഇയാൾക്കെതിരെ സമസ്ത വല്ല സർക്കുലറും ഇറക്കിയോ?

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300



ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ
നവോത്ഥാന നായകൻ 20

# മുസ്‌ലിം മജ്‌ലിസ്; വളർച്ചയും തളർച്ചയും

മുസ്‌ലിം ജനസാമാന്യത്തെ വിശ്വാസപരമായും കർമപരമായും സംസ്കരിക്കുക എന്ന ചുമതലയും അവരുടെ ഭൗതികവും പാരത്രികവുമായ നേട്ടങ്ങൾക്കു തടസ്സം നിൽക്കുന്ന വികലവിശ്വാസങ്ങളെ അതി ശക്തമായി നേരിട്ട് വിജയത്തിനാവശ്യമായ പദ്ധതികളാവിഷ്കരിക്കുകയും ചെയ്യുക എന്ന ചുമതലയും ഒരേസമയം ഏറ്റെടുത്തുകൊണ്ടാണ് ഐക്യസംഘം മുന്നേറിയത്. അങ്ങനെ വിശ്വാസപരവും കർമപരവും സാമൂഹികവും ഭരണപരവുമായ എല്ലാ തലങ്ങളിലും ഇടപെടാൻ ഐക്യസംഘത്തിനു കഴിഞ്ഞു.

ഐക്യസംഘം നേതാക്കളിൽ പലരും നിയമനിർമാണ സഭയിൽ അംഗങ്ങളായിരുന്നുവെന്നത് സംഘം പ്രവർത്തകർ സമുദായോദ്ധാരണപ്രവർത്തനങ്ങളിൽ സജീവമായതോടൊപ്പം തന്നെ രാഷ്ട്രീയമായി



> അന്നത്തെ കൊച്ചി നിയമസഭയിൽ മുസ്‌ലിംകൾക്ക് ഒരു സീറ്റു മാത്രമാണ് സംവരണം ചെയ്തിരുന്നത്. അത് വർധിപ്പി ക്കണമെന്ന ആവശ്യം മഹാരാജാവ് നിരസിച്ചപ്പോൾ കൊടു ങ്ങല്ലൂർ ജനറൽ സീറ്റിലും സംവരണ സീറ്റിലും മുസ്‌ലിം ഐക്യ സംഘത്തിന്റെ പിൻബലത്തിൽ സ്ഥാനാർഥികളെ നിർത്തി. ജനറൽ സീറ്റിൽ കോട്ടപ്പുറത്ത് സീതിമുഹമ്മദ് സാഹിബും സംവരണ സീറ്റിൽ മണപ്പാടനുമായിരുന്നു സ്ഥാനാർഥികൾ. ഭൂവുടമകൾക്കും എസ്.എസ്.എൽ.സി. പാസ്സായവർക്കും മാത്രം വോട്ടവകാശമുണ്ടായിരുന്ന അക്കാലത്ത് രണ്ടുസീറ്റും വിജയിച്ച് അവർ ചരിത്രം സൃഷ്ടിച്ചു.

മുസ്‌ലിംകളെ ഉയർത്തിക്കൊണ്ടുവരുന്നതിലും ശ്രദ്ധ ചെലുത്തി എന്ന് വ്യക്തമാക്കുന്നു. ഐക്യസംഘത്തിന്റെ മുന്നണിപ്പോരാളികളായിരുന്ന മണപ്പാട് കുഞ്ഞഹമ്മദ് ഹാജി സാഹിബ്, ഹാജി കെ സീതി മുഹമ്മദ് സാഹിബ്, കെ.എം.സീതിസാഹിബ് എന്നിവർ കൊച്ചി നിയമസഭയിലും ടി.എം.മൊയ്തു സാഹിബ്, കോട്ടാൽ ഉപ്പിസാഹിബ്, മുഹമ്മദ് ശംനാട് സാഹിബ് എന്നിവർ മദ്രാസ് നിയമനിർമാണസഭയിലും ജനപ്രതിനിധികളായിരുന്നു. സാമൂഹികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളും വിശ്വാസപരവും കർമപരവുമായ പ്രവർത്തനങ്ങളും ഒരേസമയം മുന്നോട്ടു കൊണ്ടുപോകാൻ ഈ നേതാക്കൾക്കു കഴിഞ്ഞു. മണപ്പാട് കുഞ്ഞഹമ്മദ് ഹാജി സാഹിബ് ഐക്യസംഘത്തിന്റെ സെക്രട്ടറിയായിരിക്കെത്തന്നെ കൊച്ചി നിയമസഭയിലെ കൊടുങ്ങല്ലൂരിൽനിന്നുള്ള ജനപ്രതിനിധിയായി സേവനം തുടർന്നു. അന്നത്തെ കൊച്ചി നിയമസഭയിൽ മുസ്‌ലിംകൾക്ക് ഒരു സീറ്റു മാത്രമാണ് സംവരണം ചെയ്തിരുന്നത്. അത് വർധിപ്പിക്കണമെന്ന ആവശ്യം മഹാരാജാവ് നിരസിച്ചപ്പോൾ കൊടുങ്ങല്ലൂർ ജനറൽ സീറ്റിലും സംവരണ സീറ്റിലും മുസ്‌ലിം ഐക്യസംഘത്തിന്റെ പിൻബലത്തിൽ സ്ഥാനാർഥികളെ നിർത്തി. ജനറൽ സീറ്റിൽ കോട്ടപ്പുറത്ത് സീതിമുഹമ്മദ് സാഹിബും സംവരണ സീറ്റിൽ മണപ്പാടനുമായിരുന്നു സ്ഥാനാർഥികൾ. ഭൂവുടമകൾക്കും എസ്.എസ്.എൽ.സി. പാസ്സായവർക്കും മാത്രം വോട്ടവകാശമുണ്ടായിരുന്ന അക്കാലത്ത് രണ്ടുസീറ്റും വിജയിച്ച് അവർ ചരിത്രം സൃഷ്ടിച്ചു.

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുൾപ്പെടെ ഐക്യ

സംഘത്തിന്റെ മിക്ക നേതാക്കളും ദേശീയ പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തിരുന്നവരും കോൺഗ്രസ് അനുഭാവികളുമായിരുന്നു. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, ഇ. മൊയ്തു മൗലവി, കട്ടിലശ്ശേരി മുഹമ്മദ് മൗലവി, കെ.സി. കോമുക്കുട്ടി മൗലവി, കെ.എം.സീതി സാഹിബ്, കെ.എം.മൗലവി, ഇ.കെ.മൗലവി, എം.സി.സി.അബ്ദുറഹ്മാൻ മൗലവി തുടങ്ങിയവരെല്ലാം കോൺഗ്രസിനു വേണ്ടി പ്രവർത്തിച്ചവരായിരുന്നു. ഇങ്ങനെ ഐക്യസംഘത്തിന്റെ നേതാക്കളെല്ലാം തന്നെ രാഷ്ട്രീയ നിലപാടുകളുള്ളവരായിരുന്നെങ്കിലും സംഘടന എന്ന നിലയിൽ രാഷ്ട്രീയ വിഷയങ്ങളിൽ ഇടപെടേണ്ടതില്ല എന്നതായിരുന്നു ഐക്യസംഘത്തിന്റെ പൊതുവിലുള്ള തീരുമാനം.

ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് കൃത്യമായ നിലപാടുണ്ടായിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, ദേശീയ പ്രസ്ഥാനവും സ്വാതന്ത്ര്യസമരവും കൂടി ഐക്യസംഘത്തിന്റെ പ്രവർത്തന പരിധിയിൽ വരണമെന്ന പക്ഷക്കാരനായിരുന്നു. രാഷ്ട്രീയത്തിലും ഐക്യസംഘം ഇടപെടണമെന്ന പ്രമേയം ആലുവയിൽ ചേർന്ന വാർഷിക സമ്മേളനത്തിൽ അദ്ദേഹം അവതരിപ്പിച്ച കാര്യം നാം നേരത്തെ വിശദീകരിക്കുകയുണ്ടായി. മലബാർ സമരാനന്തരമുള്ള കോൺഗ്രസ് നിലപാടു മാറ്റം സ്വാഭാവികമായും മുസ്‌ലിംകളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർത്തിയിരുന്ന സാഹചര്യമായിരുന്നു അത്. അതുകൊണ്ടുതന്നെ ഐക്യസംഘത്തിന്റെ സ്ഥാപക നേതാക്കളായിരുന്ന സീതി മുഹമ്മദ് ഹാജിയെപ്പോലുള്ള പല നേതാക്കളും ഈ അഭിപ്രായത്തെ ശക്തിയുക്തം എതിർത്തു. മണപ്പാട് കുഞ്ഞഹമ്മദ് ഹാജി സാഹിബ്, ഇ.കെ.മൗലവി സാഹിബ് തുടങ്ങിയ സ്ഥാപകനേതാക്കളെല്ലാം ഈ പ്രസ്ഥാനത്തിനകത്ത് ഒരുതരം രാഷ്ട്രീയവും കലർത്തരുതെന്നും അങ്ങനെ വന്നാൽ സംഘത്തിൽ ചേരിതിരിവ് സംഭവിക്കുമെന്നും അത് സംഘം മുന്നോട്ടുവെക്കുന്ന പ്രവർത്തനങ്ങളെ ബാധിക്കുമെന്നും സമുദായത്തെ ഒന്നാകെ ഐക്യത്തിലേക്കു കൊണ്ടുവരാനുള്ള ശ്രമമാണ് നടക്കേണ്ടതെന്നും അഭിപ്രായമുള്ളവരായിരുന്നു. ഈ എതിർപ്പുമൂലം അബ്ദുറഹ്മാൻ സാഹിബ് അവതരിപ്പിച്ച പ്രമേയം ചെറിയ വോട്ടുകൾക്ക് പരാജയപ്പെട്ടു. ഇത് സംഘം പ്രവർത്തകരിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ രൂപ



മണപ്പാട് കുഞ്ഞഹമ്മദ് ഹാജി സാഹിബ്, ഇ.കെ.മൗലവി സാഹിബ് തുടങ്ങിയ സ്ഥാപകനേതാക്കളെല്ലാം ഈ പ്രസ്ഥാനത്തിനകത്ത് ഒരുതരം രാഷ്ട്രീയവും കലർത്തരുതെന്നും അങ്ങനെ വന്നാൽ സംഘത്തിൽ ചേരിതിരിവ് സംഭവിക്കുമെന്നും അത് സംഘം മുന്നോട്ടുവെക്കുന്ന പ്രവർത്തനങ്ങളെ ബാധിക്കുമെന്നും സമുദായത്തെ ഒന്നാകെ ഐക്യത്തിലേക്കു കൊണ്ടുവരാനുള്ള ശ്രമമാണ് നടക്കേണ്ടതെന്നും അഭിപ്രായമുള്ളവരായിരുന്നു. ഈ എതിർപ്പുമൂലം അബ്ദുറഹ്മാൻ സാഹിബ് അവതരിപ്പിച്ച പ്രമേയം ചെറിയ വോട്ടുകൾക്ക് പരാജയപ്പെട്ടു. ഇത് സംഘം പ്രവർത്തകരിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ രൂപപ്പെടുന്നതിന് കാരണമായി. ഈ അഭിപ്രായ വ്യത്യാസങ്ങൾ നിലനിന്നിരുന്നെങ്കിലും ഐക്യസംഘം അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയും കേരള ജനതയെ മതപരമായും ധാർമികമായും വിദ്യാഭ്യാസപരമായും ഉയർത്തിക്കൊണ്ടു വരുന്നതിൽ ഒരു ദശാബ്ദക്കാലം ഒറ്റക്കെട്ടായി പ്രവർത്തിക്കുകയും ചെയ്തു.



പ്പെടുന്നതിന് കാരണമായി. ഈ അഭിപ്രായ വ്യത്യാസങ്ങൾ നിലനിന്നിരുന്നെങ്കിലും ഐക്യസംഘം അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയും കേരള ജനതയെ മതപരമായും ധാർമികമായും വിദ്യാഭ്യാസപരമായും ഉയർത്തിക്കൊണ്ടു വരുന്നതിൽ ഒരു ദശാബ്ദക്കാലം ഒറ്റക്കെട്ടായി പ്രവർത്തിക്കുകയും ചെയ്തു.

ഐക്യസംഘത്തിന്റെ നാലാം വാർഷികസമ്മേളനത്തിനു ശേഷം തലശ്ശേരിയിൽ രൂപംകൊണ്ട മുസ്‌ലിം ക്ലബ്ബ് 1931ൽ 'കേരള മുസ്‌ലിം മജ്‌ലിസ്' ആയി പരിണമിക്കുകയും ഐക്യസംഘം പ്രവർത്തകരുടെ സഹകരണത്തോടുകൂടി കേരള മുസ്‌ലിംകളുടെ വിദ്യാഭ്യാസപരവും ഭൗതികവുമായ പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതമാകുകയും ചെയ്തിരുന്നു. മജ്‌ലിസിന്റെ കീഴിൽ ഉപ്പി സാഹിബിന്റെ നേതൃത്വത്തിൽ തലശ്ശേരി കേന്ദ്രീകരിച്ച് മുസ്‌ലിം വിദ്യാഭ്യാസ ബോർഡ് രൂപീകരിക്കുകയും അബ്ദുറഹ്മാൻ സാഹിബിനെ അതിന്റെ അധ്യക്ഷനാക്കുകയും ചെയ്തു. ഐക്യസംഘത്തിന്റെ ഇതപര്യന്തമുള്ള നിലപാട് മതപരവും വിശ്വാസപരവും സാമൂഹികവുമായ എല്ലാ തലങ്ങളിലും ഇടപെടലുകൾ നടത്തുക എന്നതായിരുന്നു. എന്നാൽ മുസ്‌ലിം മജ്‌ലിസ് മുസ്‌ലിം സമൂഹത്തിന്റെ ഭൗതികാഭിവൃദ്ധി മാത്രം ലക്ഷ്യംവെക്കുന്ന പ്രവർത്തനങ്ങൾ മാത്രം ഏറ്റെടുക്കുകയാണ് ചെയ്തത്. ഈ ഘട്ടത്തിൽ ഐക്യസംഘത്തിന് മതപരമായ ഉപദേശനിർദേശങ്ങൾ നൽകിക്കൊണ്ടിരുന്ന കേരള ജംഇയ്യത്തുൽ ഉലമാ മതപരവും വിശ്വാസപരവുമായ കാര്യങ്ങൾ ഏറ്റെടുത്ത് പ്രവർത്തിക്കുകയും ചെയ്തു. ഈ രണ്ടു സംഘങ്ങളും രണ്ടുവഴിക്കുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയപ്പോൾ ഐക്യസംഘത്തിന്റെ പ്രസക്തിയെന്ത് എന്ന ചോദ്യം വിശിഷ്യാ മുസ്‌ലിം മജ്‌ലിസിൽ അംഗങ്ങളായിരുന്നവരിൽ ഉയർന്നുവന്നു. മുസ്‌ലിം മജ്‌ലിസ് ഭൗതികപുരോഗതിക്കും കേരള ജംഇയ്യത്തുൽ ഉലമ മതപരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി പ്രവർത്തിക്കട്ടെ എന്ന നിലപാട് മജ്‌ലിസിനോട് ആഭിമുഖ്യം പുലർത്തിയിരുന്ന ഐക്യസംഘത്തിലെ ഒരു വിഭാഗത്തിനുണ്ടായി.

1929ലെ നെഹ്റു റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ഐക്യസംഘത്തിലും മുസ്‌ലിം മജ്‌ലിസിലും പ്രവർത്തിച്ചിരുന്ന പല നേതാക്കളും കോൺഗ്രസിൽ നിന്നകലുകയും മുസ്‌ലിംകൾ കോൺഗ്രസിൽനിന്നു മാറി പ്രവർത്തിക്കേണ്ടതുണ്ടെന്ന ആശയം ഉയർന്നുവരികയും ചെയ്തു. കെ.എം. മൗലവി, ഇ.കെ മൗലവി തുടങ്ങിയവർ കോൺഗ്രസ് വിരുദ്ധ നിലപാടു സ്വീകരിക്കുകയും കെ.എം. മൗലവി സാഹിബ് സജീവ കോൺഗ്രസ് വിരുദ്ധ രാഷ്ട്രീയത്തിലേക്കു കടക്കുകയും ചെയ്തു. കോൺഗ്രസ് വിരുദ്ധ നിലപാടുള്ള പലരും അകന്നുനിന്നത് മൂലം മുസ്‌ലിം മജ്‌ലിസ് പൂർണമായും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനു കീഴിൽ വരികയും ചെയ്തു.

1934ൽ കേന്ദ്ര അസംബ്ലിയിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിരുദ്ധ നിലപാട് സ്വീകരിച്ചിരുന്ന മുസ്‌ലിം മജ്‌ലിസ് അംഗവും ഐക്യസംഘം പ്രവർത്തകസമിതി അംഗവുമായിരുന്ന ഹാജി അബ്ദുസ്സത്താർ ഇസ്ഹാഖ് സേട്ട് സാഹിബ് (തലശ്ശേരി) കോൺഗ്രസിൽ തന്നെ നിലയുറപ്പിച്ചിരുന്ന മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിനെതിരെ മത്സരിച്ചു. കോൺഗ്രസിൽതന്നെ തുടർന്നിരുന്ന തികഞ്ഞ ഗാന്ധിയനും ഐക്യസംഘത്തിന്റെ അനിഷേധ്യ നേതാവുമായിരുന്ന സീതിസാഹിബ് കെ.എം. മൗലവി, ഇ.കെ മൗലവി എന്നിവരുടെ പ്രേരണയാൽ ഈ ഘട്ടത്തിൽ കോൺഗ്രസിനോട് വിട പറഞ്ഞു.

അബ്ദുസ്സത്താർ സേട്ടുവും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും തമ്മിലുള്ള പോരാട്ടത്തിൽ സീതി സാഹിബ് സത്താർ സേട്ടിന് പിന്തുണ നൽകിയത് നേതാക്കൾക്കിടയിൽ ഭിന്നത വർധിപ്പിക്കുകയും ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന തലത്തിലേക്ക് ആ ഭിന്നത മൂർച്ഛിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോൾ സത്താർ സേട്ട് വിജയിക്കുകയും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് പരാജയപ്പെടുകയും ചെയ്തു.

മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബാകട്ടെ, മുസ്‌ലിം മജ്‌ലിസിനെ പൂർണമായും കോൺഗ്രസിനു കീഴിൽ കൊണ്ടുവരികയും ചെയ്തു. ഈ സംഭവവികാസങ്ങൾ ഐക്യസംഘത്തെ അക്ഷരാർഥത്തിൽ ബലഹീനമാക്കിയിരുന്നു ■

# സൂറ: യാസീൻ

(മക്കയിൽ അവതരിച്ചത്)

അധ്യായം 36

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

69. അദ്ദേഹത്തിന് (നബിക്ക്) നാം കവിത പഠിപ്പിച്ചിട്ടില്ല. അത് അദ്ദേഹത്തിന് അനുയോജ്യമാകുകയുമില്ല. ഇത് ഒരു ഉൽബോധനവും കാര്യങ്ങൾ സ്പഷ്ടമാക്കുന്ന ക്വുർആനും മാത്രമാകുന്നു.

70. ജീവനുള്ളവർക്ക് താക്കീത് നൽകുന്നതിന് വേണ്ടിയത്രെ ഇത്. സത്യനിഷേധികളുടെ കാര്യത്തിൽ (ശിക്ഷയുടെ) വചനം സത്യമായി പുലരുവാൻ വേണ്ടിയും.

71. നമ്മുടെ കൈകൾ നിർമിച്ചതിൽപ്പെട്ട കാലികളെ അവർക്കു വേണ്ടിയാണ് നാം സൃഷ്ടിച്ചിരിക്കുന്നത് എന്ന് അവർ കണ്ടില്ലേ? അങ്ങനെ അവർ അവയുടെ ഉടമസ്ഥരായിരിക്കുന്നു.

72. അവയെ അവർക്കുവേണ്ടി നാം കീഴ്പെടുത്തിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ അവയിൽ നിന്നാകുന്നു അവർക്കുള്ള വാഹനം. അവയിൽനിന്ന് അവർ (മാംസം) ഭക്ഷിക്കുകയും ചെയ്യുന്നു.

73. അവർക്ക് അവയിൽ പല പ്രയോജനങ്ങളുമുണ്ട്; (പുറമെ) പാനീയങ്ങളും. എന്നിരിക്കെ അവർ നന്ദി കാണിക്കുന്നില്ലേ?

74. തങ്ങൾക്ക് സഹായം ലഭിക്കുവാൻ വേണ്ടി അല്ലാഹുവിനു പുറമെ പല ദൈവങ്ങളെയും അവർ സ്വീകരിച്ചിരിക്കുന്നു.

75. അവരെ സഹായിക്കാൻ അവർക്ക് (ദൈവങ്ങൾക്ക്) സാധിക്കുകയില്ല. അവർ അവർക്ക് (ദൈവങ്ങൾക്ക്) വേണ്ടി സജ്ജീകരിക്കപ്പെട്ട പട്ടാളമാകുന്നു.

76. അതിനാൽ അവരുടെ വാക്ക് നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ. തീർച്ചയായും അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും നാം അറിയുന്നു.

77. മനുഷ്യൻ കണ്ടില്ലേ; അവനെ നാം ഒരു ബീജകണത്തിൽനിന്നാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന്? എന്നിട്ട് അവനതാ ഒരു പ്രത്യക്ഷമായ എതിർപ്പുകാരനായിരിക്കുന്നു.

78. അവൻ നമുക്ക് ഒരു ഉപമ എടുത്തുകാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്നുകളയുകയും ചെയ്തു. അവൻ പറഞ്ഞു: 'എല്ലുകൾ ദ്രവിച്ച് പോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൽകുന്നത്?'

وَمَا عَلَّمْنَاهُ الشِّعْرَ وَمَا يَنبَغِي لَهُ ۚ إِنْ
هُوَ إِلَّا ذِكْرٌ وَقُرْآنٌ مُّبِينٌ ﴿٦٩﴾ لِّيُنذِرَ
مَن كَانَ حَيًّا وَيَحِقَّ الْقَوْلُ عَلَى
الْكَافِرِينَ ﴿٧٠﴾ أَوَلَمْ يَرَوْا أَنَّا خَلَقْنَا
لَهُم مِّمَّا عَمِلَتْ أَيْدِينَا أَنْعَامًا
فَهُمْ لَهَا مَالِكُونَ ﴿٧١﴾ وَذَلَّلْنَاهَا لَهُمْ
فَمِنْهَا رَكُوبُهُمْ وَمِنْهَا يَأْكُلُونَ ﴿٧٢﴾
وَلَهُمْ فِيهَا مَنَافِعُ وَمَشَارِبُ ۖ أَفَلَا
يَشْكُرُونَ ﴿٧٣﴾ وَاتَّخَذُوا مِن دُونِ
اللَّهِ آلِهَةً لَّعَلَّهُمْ يُنصَرُونَ ﴿٧٤﴾ لَا
يَسْتَطِيعُونَ نَصْرَهُمْ وَهُمْ لَهُمْ جُندٌ
مُّحْضَرُونَ ﴿٧٥﴾ فَلَا يَحْزُنكَ قَوْلُهُمْ ۘ إِنَّا
نَعْلَمُ مَا يُسِرُّونَ وَمَا يُعْلِنُونَ ﴿٧٦﴾
أَوَلَمْ يَرَ الْإِنسَانُ أَنَّا خَلَقْنَاهُ مِن
نُّطْفَةٍ فَإِذَا هُوَ خَصِيمٌ مُّبِينٌ ﴿٧٧﴾
وَضَرَبَ لَنَا مَثَلًا وَنَسِيَ خَلْقَهُ ۖ قَالَ
مَن يُحْيِي الْعِظَامَ وَهِيَ رَمِيمٌ ﴿٧٨﴾

| | |
|---|---|
| 79. പറയുക: 'ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ.'<br>80. പച്ചമരത്തിൽനിന്ന് നിങ്ങൾക്ക് തീ ഉണ്ടാക്കിത്തന്നവനത്രെ അവൻ അങ്ങനെ നിങ്ങളതാ അതിൽനിന്ന് കത്തിച്ചെടുക്കുന്നു.<br>81. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലേ? അതെ, അവനത്രെ സർവവും സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും.<br>82. താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു!<br>83. മുഴുവൻ കാര്യങ്ങളുടെയും ആധിപത്യം ആരുടെ കയ്യിലാണോ, നിങ്ങൾ മടക്കപ്പെടുന്നത് ആരുടെ അടുത്തേക്കാണോ അവൻ എത്ര പരിശുദ്ധൻ! | قُلْ يُحْيِيهَا الَّذِي أَنْشَأَهَا أَوَّلَ مَرَّةٍ ۖ وَهُوَ بِكُلِّ خَلْقٍ عَلِيمٌ ﴿٧٩﴾ الَّذِي جَعَلَ لَكُمْ مِنَ الشَّجَرِ الْأَخْضَرِ نَارًا فَإِذَا أَنْتُمْ مِنْهُ تُوقِدُونَ ﴿٨٠﴾ أَوَلَيْسَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ بِقَادِرٍ عَلَىٰ أَنْ يَخْلُقَ مِثْلَهُمْ ۚ بَلَىٰ وَهُوَ الْخَلَّاقُ الْعَلِيمُ ﴿٨١﴾ إِنَّمَا أَمْرُهُ إِذَا أَرَادَ شَيْئًا أَنْ يَقُولَ لَهُ كُنْ فَيَكُونُ ﴿٨٢﴾ فَسُبْحَانَ الَّذِي بِيَدِهِ مَلَكُوتُ كُلِّ شَيْءٍ وَإِلَيْهِ تُرْجَعُونَ ﴿٨٣﴾ |

(69). കവിയാണെന്ന് ബഹുദൈവവിശ്വാസികൾ നബി(സ്വ)യെ കുറിച്ച് പറഞ്ഞ ആരോപണത്തിൽനിന്ന് അദ്ദേഹത്തെ അല്ലാഹു പരിശുദ്ധപ്പെടുത്തുന്നു. അദ്ദേഹം കൊണ്ടുവന്നത് കവിതയാണെന്ന് അവർ പറഞ്ഞു. അല്ലാഹു പറഞ്ഞു: (അദ്ദേഹത്തിന് നാം കവിത പഠിപ്പിച്ചിട്ടില്ല. അത് അദ്ദേഹത്തിന് അനുയോജ്യമാവുകയുമില്ല) കവിയാവുക എന്നത് നബിയുടെ കാര്യത്തിൽ അസംഭവ്യമാണ്. കാരണം അദ്ദേഹം സന്മാർഗിയും വിവേകിയുമാണ്. വിവേകമില്ലാത്ത കവികൾ വഴിപിഴച്ചവരാണ്. വഴിപിഴച്ചവർ അവരെ പിന്തുടരുന്നു.

തന്റെ ദൂതനെപ്പറ്റി വഴിതെറ്റിയവർ പറഞ്ഞ സംശയങ്ങളെയെല്ലാം അല്ലാഹു തള്ളിക്കളഞ്ഞു; എഴുതാനും വായിക്കാനും അറിയുമെന്ന് പറഞ്ഞതിനെയും. അദ്ദേഹത്തെ കവിത പഠിപ്പിച്ചിട്ടില്ലെന്നും അത് അദ്ദേഹത്തിന് യോജിച്ചതല്ലെന്നും വ്യക്തമാക്കി.

(ഇത് ഒരു ഉൽബോധനവും കാര്യങ്ങൾ സ്പഷ്ടമാക്കുന്ന ക്വുർആനും മാത്രമാകുന്നു) അതായത്, അദ്ദേഹം കൊണ്ടുവന്നത് ബുദ്ധിയുള്ള ആളുകൾക്ക് എല്ലാ മതപാഠങ്ങളും ഓർമിപ്പിക്കാൻ കഴിയുന്ന ഉൽബോധനം മാത്രമാണ്. എല്ലാ കാര്യങ്ങളും അതിൽ സമഗ്രമായി പരാമർശിക്കുന്നു. അത് ബുദ്ധികളെ ഉൽബോധിപ്പിക്കുന്നു. നല്ലതെല്ലാം കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നു.

(സ്പഷ്ടമാക്കുന്ന ക്വുർആനും) അതായത്, വിശദീകരിക്കേണ്ട എല്ലാ കാര്യങ്ങളും ഇത് വിശദീകരിക്കുന്നു. വിശദീകരിച്ചത് എന്തെന്ന് ഇവിടെ പറഞ്ഞില്ല. അതിന്റെ അർഥം വിശദീകരിക്കേണ്ടതെല്ലാം വ്യക്തമായ തെളിവുകളോടെ വിശദമായും പൊതുവായും പറഞ്ഞു. അസത്യത്തെ തെളിവുകൾകൊണ്ട് നിരർഥകമാക്കി. അപ്രകാരം അത് തന്റെ ദൂതന് ഇറക്കി.

(70) (ജീവനുള്ളവർക്ക് താക്കീത് നൽകുന്നതിന് വേണ്ടിയത്രെ ഇത്) ശ്രദ്ധയും ജീവനും ഉള്ള ഹൃദയം. അത് ഈ ക്വുർആനിനാൽ സംസ്കൃതമാകും. അത് അറിവും പ്രവർത്തനവും വർധിപ്പിക്കുന്നു. നല്ല മണ്ണിൽ പെയ്യുന്ന മഴയെപ്പോലെയാണ് ഹൃദയങ്ങൾക്ക് ക്വുർആൻ. (സത്യനിഷേധികളുടെ കാര്യത്തിൽ-ശിക്ഷയുടെ വചനം-സത്യമായി പുലരാൻ വേണ്ടിയും) അവർക്കെതിരെ അല്ലാഹുവിന്റെ തെളിവ് വന്നു. അവരുടെ വാദങ്ങൾ നിരാകരിക്കപ്പെടുന്നു. അവർക്ക് ഒരു ഒഴികഴിവും അവശേഷിക്കുന്നില്ല.

(71-73). ഇവിടെ അല്ലാഹു മനുഷ്യർക്ക് സേവനത്തിനായി സൃഷ്ടിച്ചിട്ടുള്ള കന്നുകാലി മൃഗങ്ങളിലേക്ക് നോക്കാൻ കൽപിക്കുന്നു. അവയ്ക്ക് അവൻ യജമാനൻമാരാണ്. അവർ ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളിലും അവ അവരെ അനുസരിക്കുന്നു. അവരുടെ ചരക്കുകളും ഭാരങ്ങളും ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകാൻ അവയെ

പ്രയോജനപ്പെടുത്തുന്നതിലൂടെ അവർക്ക് ധാരാളം ഉപകാരം അവയിൽനിന്ന് ലഭിക്കുന്നു. അതിൽനിന്ന് അവർ ഭക്ഷിക്കുന്നു. തണുപ്പകറ്റാൻ സഹായിക്കുന്നത് അവയിലുണ്ട്. അതിന്റെ രോമങ്ങളിൽനിന്നും തൊലികളിൽ നിന്നും ഒരു നിശ്ചിത അവധിവരെ ഉപയോഗിക്കാവുന്ന സാമഗ്രികളും അവർക്ക് ലഭിക്കുന്നു. അതിൽ സൗന്ദര്യവും അലങ്കാരവും കാണാവുന്ന മറ്റു പല നേട്ടങ്ങളും ഉണ്ട്. (അവൻ നന്ദി കാണിക്കുന്നില്ലേ?) അല്ലാഹുവാണ് ഈ അനുഗ്രഹങ്ങൾ നൽകിയത്. അവനെ മാത്രം ആരാധിച്ചും ചിന്തിച്ചു പാഠമുൾക്കൊണ്ടും മാത്രം ഈ അനുഗ്രഹങ്ങൾ അനുഭവിക്കുക.

(74-75). ബഹുദൈവാരാധകർ അല്ലാഹുവിന് പുറമെ സഹായവും ശിപാർശയും പ്രതീക്ഷിച്ച് ആരാധ്യന്മാരായി സ്വീകരിച്ചതിന്റെ നിരർഥകതയാണ് ഇവിടെ പറയുന്നത്. അവർ അങ്ങേയറ്റം ദുർബലരാണ്. (അവരെ സഹായിക്കാൻ അവർക്ക് സാധിക്കുകയില്ല) അവരെത്തന്നെയും സഹായിക്കാൻ അവർക്ക് സാധിക്കുകയില്ല. അവർക്ക് സ്വന്തത്തെ സഹായിക്കാനാവില്ലെങ്കിൽ അവരെങ്ങനെയാണ് മറ്റുള്ളവരെ സഹായിക്കുന്നത്? എതു സഹായത്തിനും രണ്ട് നിബന്ധനകളുണ്ട്; അത് ചെയ്യാൻ കഴിയുക, അതിന് ശേഷിയുണ്ടാവുക. ഇനി സഹായിക്കാൻ കഴിയുമെങ്കിൽ, തന്റെ ആരാധകനെ സഹായിക്കണോ വേണ്ടയോ എന്നതാണ്. ഇനി സഹായിക്കാൻ കഴിവില്ലെങ്കിലോ, രണ്ട് കാര്യവും ഒഴിവാക്കപ്പെടും. (അവർ അവർക്ക്-ദൈവങ്ങൾക്ക്-വേണ്ടി സജ്ജീകരിക്കപ്പെട്ട പട്ടാളമാകുന്നു) ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവർ; അവരിൽ ചിലർ ചിലരിൽനിന്ന് മാറിനിൽക്കും. അവർക്ക് ഇവരെ ആരാധിക്കുന്നതിൽ നിന്ന് മാറി നിന്നുകൂടായിരുന്നോ? അധികാരമുള്ളവരെ ഉപകാരവും ഉപദ്രവവും ചെയ്യാൻ കഴിയുന്നവനുമായവനെ മാത്രം ആരാധിച്ചുകൂടായിരുന്നോ? നൽകാനും തടയാനും കഴിയുന്നവൻ, സഹായിയും രക്ഷാധികാരിയുമായവൻ.

(76). അതായത്, സത്യനിഷേധികളുടെ വാക്കുകൾ നിങ്ങളെ ദുഃഖിപ്പിക്കരുത്. ഇവിടെ വാക്ക് ഏതാണെന്ന് സന്ദർഭത്തിൽ നിന്ന് മനസ്സിലാകുന്നു. പ്രവാചകനെയും സന്ദേശത്തെയും ആക്ഷേപിക്കുന്ന എല്ലാ വാക്കും ഉദ്ദേശിക്കാം. അതായത്, അവരെ ഓർത്ത് സങ്കടപ്പെടരുത്. (തീർച്ചയായും നാം അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അറിയുന്നു).

അവരെക്കുറിച്ച് നമുക്കറിയാവുന്നതിനനുസരിച്ച് നാം അവർക്ക് പ്രതിഫലം നൽകും. അവരുടെ വാക്ക് താങ്കൾക്ക് യാതൊരു ദോഷവും വരുത്തില്ല.

ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുന്നവരുടെ വാദവും അതിനുള്ള ഏറ്റവും നല്ലതും വ്യക്തവുമായ പ്രതികരണമാണ് ഈ വചനങ്ങളിലുള്ളത്.

(77). അല്ലാഹു പറയുന്നു: (മനുഷ്യൻ കണ്ടില്ലേ?) അതായത്



പുനരുത്ഥാനത്തെ സംശയിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന മനുഷ്യർ കണ്ടില്ലേ. ഉയിർത്തെഴുന്നേൽപ് ഉറപ്പായും സംഭവിക്കുമെന്നതിന് ശക്തമായ തെളിവുകളൊന്നും കണ്ടില്ലേ? അത്: തുടക്കത്തിൽ (ഒരു ബീജകണത്തിൽനിന്ന് തീർച്ചയായും നാം അവനെ സൃഷ്ടിച്ചു) പിന്നീട് അവൻ പല ഘട്ടങ്ങളിലൂടെ കടന്നുപോയി. അങ്ങനെ വലുതായി. യുവാവായി. ബുദ്ധിയുള്ളവനായി. ഘട്ടംഘട്ടമായി വളർന്നു. (എന്നിട്ട് അവനതാ ഒരു പ്രത്യക്ഷമായ എതിർപ്പുകാരനായിരിക്കുന്നു) തുടക്കത്തിൽ അവനൊരു ബീജകണമായിരുന്നതിന് ശേഷം മുമ്പത്തേതും ഇപ്പോഴുള്ളതുമായ രണ്ടവസ്ഥകൾ തമ്മിലുള്ള അവന്റെ വ്യത്യാസത്തെക്കുറിച്ച് അവൻ ചിന്തിക്കട്ടെ. ഒന്നുമില്ലായ്മയിൽ നിന്ന് അവനെ സൃഷ്ടിച്ചവൻ ചിതറിപ്പോയതിനുശേഷം അവനെ പുനർനിർമിക്കാൻ ഏറ്റവും അർഹനാണെന്ന് അവ മനസ്സിലാക്കട്ടെ.

(78). (അവൻ നമുക്ക് ഒരു ഉപമ എടുത്ത് കാണിക്കുകയും ചെയ്തിരിക്കുന്നു) ആരും അവന് ഉപമ പറയരുത്. കാരണം പടപ്പുകളുടെ കഴിവിനോട് സ്രഷ്ടാവി

ന്റെ ശക്തിയും കഴിവും താരതമ്യപ്പെടുത്തലാണത്. സൃഷ്ടികൾക്ക് കഴിയാത്തത് സ്രഷ്ടാവിനും കഴിയില്ലെന്ന് പറയലാണത്. അതിന് ഉദാഹരണം ഇവിടെ പറയുന്നു: (അവൻ പറഞ്ഞു: അതായത് മനുഷ്യന്റെ എല്ലുകൾ ദ്രവിച്ചുപോയിരിക്കെ ആരാണ് അതിന് ജീവൻ നൽകുന്നത്?) അതായത്, ആരെങ്കിലും ഇവയെ പുനർജീവിപ്പിക്കുമോ? ഇത് നിഷേധാത്മകമായ ഒരു ചോദ്യമാണ്. അവ ശിഥിലമായി അപ്രത്യക്ഷമായാൽ ഒരാളും അവയെ പുനർജീവിപ്പിക്കില്ല. ഇതാണ് ഉപമയിൽ സാദൃശ്യമാക്കുന്ന വിഷയം. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇത് അങ്ങേയറ്റം അസാധ്യമാണ്. ഇത്തരം ഒരു ചോദ്യം അവനിൽ നിന്നുണ്ടായത് അവൻ അവന്റെ ആദ്യ സൃഷ്ടിപ്പിനെക്കുറിച്ച് അശ്രദ്ധനായതിനാലാണ്. പ്രസ്താവ്യമല്ലാത്ത ഒരു അവസ്ഥയിൽനിന്ന് അവൻ എങ്ങനെ സൃഷ്ടിക്കപ്പെട്ടു? അവൻ കാണപ്പെടുന്ന ഒന്നായി. ഇതവൻ ചിന്തിച്ചിരുന്നുവെങ്കിൽ അവൻ ഇങ്ങനെ വാദിക്കുമായിരുന്നില്ല.

(79). ഉയിർത്തെഴുന്നേൽപിന് സാധ്യതയില്ല എന്ന വാദത്തിന് ഒരു സമ്പൂർണ മറുപടി നൽകുകയാണ് ഇവിടെ: (പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്) ഒന്ന് ചിന്തിച്ചാൽ അവന് സംശയരഹിതമായി ബോധ്യപ്പെടും. ആദ്യം ഉണ്ടാക്കാമെങ്കിൽ അത് രണ്ടാമത് ആവർത്തിക്കാനും കഴിയും. സൃഷ്ടിക്കാൻ കഴിയുന്ന ഒരാൾക്ക് അത് ആവർത്തിക്കാൻ വളരെ എളുപ്പമാണ്.

(അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ) ഇത് അല്ലാഹുവിന്റെ വിശേഷണങ്ങളിൽ പെട്ടതാണ്. അത് രണ്ടാമത്തെ തെളിവാണ്. അവന്റെ അറിവ് എല്ലാ സമയത്തും സാഹചര്യങ്ങളിലും എല്ലാ വസ്തുക്കളെയും ചൂഴ്ന്നു നിൽക്കുന്നു. മരിച്ചവരുടെ ശരീരങ്ങൾ ഭൂമി ദഹിപ്പിക്കുന്നതും അവശേഷിപ്പിക്കുന്നതും അവനറിയുന്നു. അദൃശ്യവും ദൃശ്യവും അവനറിയുന്നു. ഈ മഹത്തായ ദൈവികജ്ഞാനം അംഗീകരിക്കുന്ന ഒരാൾക്ക് ആ അല്ലാഹുവിന് മരിച്ചവരെ ജീവിപ്പിക്കാനും കുഴിമാടങ്ങളിൽനിന്ന് പുറത്തുകൊണ്ടുവരാനും എളുപ്പമാണെന്ന് മനസ്സിലാകും.

(80). മൂന്നാമത് ഒരു തെളിവുകൂടി അല്ലാഹു കൊണ്ടുവരുന്നു: (പച്ചമരത്തിൽ നിന്ന് നിങ്ങൾക്ക് തീ ഉണ്ടാക്കിത്തന്നവനത്രെ അവൻ. അങ്ങനെ നിങ്ങളതാ അതിൽനിന്ന് കത്തിച്ചെടുക്കുന്നു) നനവുള്ളതും ഈർപ്പമുള്ളതുമായ പച്ചമരങ്ങളിൽ നിന്ന് അവൻ തീ ഉൽപാദിപ്പിക്കുന്നു. ഉണക്കമരവും പച്ചമരവും അങ്ങേയറ്റം വൈരുധ്യമുള്ളതാണ്. എന്നിട്ടും അവനതുണ്ടാക്കുന്നു. അപ്പോൾ ക്വബ്റുകളിൽനിന്ന് പുറത്തുകൊണ്ടുവരുന്നതും അങ്ങനെ തന്നെയാണ്.

(81). തുടർന്ന് നാലാമത്തെ തെളിവ് പറയുന്നു: വലുപ്പത്തിലും വിശാലതയിലും (ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലെയുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലേ?) അവരെത്തന്നെ മടക്കി കൊണ്ടുവരാൻ അവന് കഴിയില്ലേ? (തീർച്ചയായും) അതിന് കഴിവുള്ളവൻ തന്നെ. ആകാശഭൂമികളുടെ സൃഷ്ടിപ്പ് മനുഷ്യസൃഷ്ടിപ്പിനെക്കാൾ വലുതാണ്. (അവനത്രെ സർവവും സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും) ഇത് അഞ്ചാമത്തെ തെളിവാണ്.

അവൻ എല്ലാറ്റിന്റെയും സ്രഷ്ടാവാണ്. മുമ്പുള്ളതിന്റെയും പിന്നീടുണ്ടായതിന്റെയുമെല്ലാം സ്രഷ്ടാവ്. ചെറുതും വലതുമെല്ലാം അവന്റെ ശക്തിയുടെയും കഴിവിന്റെയും തെളിവാണ്. ഒരു സൃഷ്ടിയും അവൻ സൃഷ്ടിക്കാൻ ഉദ്ദേശിച്ചാൽ അതിന് എതിര് നിൽക്കുകയില്ല. അപ്പോൾ മരിച്ചവരെ തിരിച്ചുകൊണ്ടുവരൽ അവന്റെ സൃഷ്ടിപ്പിൽ ഒന്നുമാത്രം.

(82). അതിനാൽ അവൻ പറയുന്നു: (അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ) ഏത് കാര്യവും ആകാം. ഉദ്ദേശിക്കുന്ന കാര്യം ഇവിടെ പറഞ്ഞിട്ടില്ല. അതിനാൽ എല്ലാറ്റിനും ബാധകമാണത്. (അതിനോട് ഉണ്ടാകൂ എന്നു പറയുക മാത്രമാകുന്നു അവന്റെ കാര്യം) അപ്പോൾതന്നെ, യാതൊരു തടസ്സവും കൂടാതെ (അപ്പോഴതാ, അത് ഉണ്ടാകുന്നു).

(83). (മുഴുവൻ കാര്യങ്ങളുടെയും ആധിപത്യം ആരുടെ കൈയിലാണോ അവൻ മഹാപരിശുദ്ധൻ) ഇത് ആറാമത്തെ തെളിവാണ്. അല്ലാഹു, എല്ലാറ്റിനെയും നിയന്ത്രിക്കുന്ന പരമാധികാരി. ഈ ലോകത്തും ഉപരിലോകത്തുമുള്ള എല്ലാം അവനുള്ളതാണ്. എല്ലാം അവന്റെ നിയന്ത്രണത്തിന് വിധേയരാകുന്ന അടിമകളാണ്. അവന്റെ മതനിയമങ്ങളും പ്രാപഞ്ചിക നിയമങ്ങളും പ്രതിഫലവ്യവസ്ഥയുമനുസരിച്ച് എല്ലാം അവൻ കൈകാര്യം ചെയ്യുന്നു. പ്രതിഫലം വിധിക്കാൻ അവരെ മരണശേഷം തിരിച്ചു കൊണ്ടുവരിക എന്നത് അവന്റെ അധികാരത്തിൽ പെട്ടതാണ്.

(അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്) അതായത്, യാതൊരു സംശയവുമില്ല. അതിന് ഖണ്ഡിതമായ പ്രത്യക്ഷ തെളിവുകൾ ധാരാളമുണ്ട്. തന്റെ വാക്കുകളിൽ മാർഗദർശനവും ശമനവും വെളിച്ചവും നിശ്ചയിച്ചവൻ അനുഗ്രഹപൂർണനായിരിക്കുന്നു.

യാസീൻ സൂറത്തിന്റെ വ്യാഖ്യാനം പൂർത്തിയായി.



ശമീർ മദീനി
: 9048 221 212

നേരായപാതയിൽ നിലനിൽക്കുന്ന വിഭാഗത്തെ സംബന്ധിച്ച് നബി (സ്വ) വിശേഷിപ്പിച്ചു പറഞ്ഞത് 'അന്ത്യനാൾവരെയും റബ്ബിൻെറ സഹായം ലഭിക്കുന്ന രക്ഷയുടെ കക്ഷി' (അൽഫിർക്വതുന്നാജിയ അൽമൻസ്വൂറ ഇലാ ക്വിയാമിസ്സാഅ) എന്നാണ്. തീർച്ചയായും അവർ അല്ലാഹു വിൻെറയും റസൂലിൻെറയും കൽപനക്കനുസരിച്ച് നിലകൊള്ളുന്നവരായിരിക്കും' (ശർഹു ഹദീസിൽ ഇഫ്തിറാക്വ് 1/31).

ദീനിൻെറ നേരായ പാതയിൽനിന്ന് സമുദായത്തിലെ ഭൂരിഭാഗവും വ്യതിചലിക്കും എന്ന് നബി(സ്വ) ഉണർത്തിയിട്ടുണ്ടെങ്കിലും സന്മാർഗം വ്യക്തമാകാതെ സമുദായം വഴികേടിൽ ഉഴറുമെന്ന് കരുതേണ്ടതില്ല. പ്രത്യുത സത്യപാതയിൽ ഉറച്ചുനിൽക്കുന്ന ഒരു വിഭാഗം എക്കാലത്തും ഉണ്ടാകുമെന്ന് നബി(സ്വ) സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്. അവരുടെ അടയാളങ്ങളും സവിശേഷതകളും പറഞ്ഞുതന്നിട്ടുമുണ്ട്.

നബി(സ്വ) പറയുന്നു: 'അല്ലാഹുവിൻെറ കൽപന (അന്ത്യസമയം) ആസന്നമാകുന്നതുവരെയും എൻെറ ഉമ്മത്തിലെ ഒരു വിഭാഗം അല്ലാഹുവിൻെറ കൽപനകൾക്കനുസരിച്ച് സത്യപാതയിൽ നിലനിൽക്കുന്നവരായിട്ടുണ്ടാകും. അവരെ ആരെല്ലാം കൈയ്യൊഴിച്ചാലും ആരെല്ലാം അവർക്കെതിരായാലും അതൊന്നും അവർക്ക് യാതൊരു ദോഷവും വരുത്തുകയില്ല. അവർ ജനങ്ങൾക്കിടയിൽ തലയുയർത്തി നിൽക്കും' (മുസ്ലിം).

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(റഹി) പറയുന്നു: 'ഈ ഹദീസ് അനേകം പരമ്പരകളിലൂടെ സ്ഥിരപ്പെട്ടുവന്ന മുതവാതിറായ ഹദീസാണ്. സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹു മുസ്ലിമിലും മറ്റു



# നേരിൻെറ വഴിയിൽ ഉറച്ചുനിൽക്കാൻ

ഹദീസ് ഗ്രന്ഥങ്ങളിലും വിവിധ വഴികളിലൂടെ ഇത് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ദീനിൻെറ അടിസ്ഥാന വിഷയങ്ങളിൽവരെയും സമുദായത്തിൽ അഭിപ്രായവ്യത്യാസങ്ങൾ കടന്നുവരുമെന്ന് ഈ ഹദീസ് സ്ഥിരീകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ നേരായപാതയിൽ നിലനിൽക്കുന്ന വിഭാഗത്തെ സംബന്ധിച്ച് നബി (സ്വ) വിശേഷിപ്പിച്ചു പറഞ്ഞത് 'അന്ത്യനാൾവരെയും റബ്ബിൻെറ സഹായം ലഭിക്കുന്ന രക്ഷയുടെ കക്ഷി' (അൽഫിർഖതുന്നാജിയ അൽമൻസ്വൂറ ഇലാ ഖിയാമിസ്സാഅ) എന്നാണ്. തീർച്ചയായും അവർ അല്ലാഹുവിൻെറയും റസൂലിൻെറയും കൽപനക്കനുസരിച്ച് നിലകൊള്ളുന്നവരായിരിക്കും' (ശർഹു ഹദീസിൽ ഇഫ്തിറാഖ് 1/31).

അതിനാൽ സത്യപാതയിലൂടെ സഞ്ചരിക്കാനാഗ്രഹിക്കുന്നവർ നിരാശപ്പെടേണ്ടതില്ല. നേർമാർഗം പകൽവെളിച്ചം പോലെ വ്യക്തമായി ലോകാവസാനം വരെ ഈ ലോകത്ത് നിലനിൽക്കും.

സ്വഹാബിയായ ഇർബാദ്ബ്നു സാരിയ(റ) പറയുന്നു: 'ഒരിക്കൽ നബി(സ്വ) ഞങ്ങൾക്ക് ഉപദേശം നൽകി. അതു കേട്ട് ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയും ഹൃദയങ്ങൾ പിടയുകയും ചെയ്തു. അപ്പോൾ ഞങ്ങൾ പറഞ്ഞു: 'അല്ലാഹുവിൻെറ റസൂലേ, ഇതൊരു യാത്രപറയലിൻെറ ഉപദേശം പോലുണ്ടല്ലോ; അതിനാൽ അങ്ങേക്ക് ഞങ്ങളോട് എന്താണ് പ്രത്യേകമായി കൽപിക്കാനുള്ളത്?' അപ്പോൾ നബി(സ്വ) പറഞ്ഞു: 'ഞാൻ നിങ്ങളെ വ്യക്തതയുടെ തെളിഞ്ഞമാർഗത്തിലാണ് വിട്ടേച്ചു പോകുന്നത്. അതിൻെറ രാവുപോലും പകലിന് സമാനമാണ്. സ്വയം നശിച്ചവരല്ലാതെ അതിൽ നിന്ന് വ്യതിചലിച്ചുപോവുകയില്ല' (അബൂദാവൂദ്, തിർമുദി, ഇബ്നുമാജ, അഹ്മദ്).

നമ്മൾ നേരിൻെറ പക്ഷത്ത് നിലയുറപ്പിക്കുവാനും അതിൽ നിന്നും അൽപം പോലും വ്യതിചലിക്കാതിരി ക്കുവാനും പ്രത്യേകമായി ശ്രദ്ധയും ജാഗ്രതയും പുലർത്തേണ്ടതുണ്ട്. അതിനാൽ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം മനസ്സിരുത്തുക.

1. *പ്രാർഥന:* പലതരത്തിലുള്ള അഭിപ്രായങ്ങളും വാചകക്കസർത്തുകളും ദീനിൻെറ വിഷയത്തിൽ പലപ്പോഴായി പലരും ഉയർത്തിക്കൊണ്ടുവരും. അപ്പോഴെല്ലാം സത്യമാർഗത്തിൽ അടിയുറച്ചു നിൽക്കാൻ അല്ലാഹുവിൻെറ അപാരമായ അനുഗ്രഹം (തൗഫീക്) അനിവാര്യമാണ്. അതിനാൽ അതിനുവേണ്ടി പടച്ചവനോട് നിരന്തരം ചോദിച്ചുകൊണ്ടേയിരിക്കുക. കാരണം, മറ്റേത് പരീക്ഷണങ്ങളെക്കാളും പ്രയാസകരമാണ് ദീനിൻെറ കാര്യങ്ങളിലുള്ള പരീക്ഷണങ്ങൾ. സച്ചരിതരായ മുൻഗാമികളുടെ പ്രാർഥനകളിൽ ഇക്കാര്യം പ്രത്യേകമായി നമുക്ക് കാണാൻ കഴിയുന്നതാണ്.

നബി(സ്വ) തഹജ്ജുദ് നമസ്കാരവേളയിൽ ചൊല്ലിയിരുന്ന പ്രാരംഭ പ്രാർഥ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

അബൂസലമ(റ) പറയുന്നു: 'ഞാൻ പ്രവാചക പത്നി ആഇശ(റ)യോട് ചോദിച്ചു: 'നബി(സ്വ) രാത്രി നമസ്കാരത്തിനായി നിന്നാൽ എന്തു ചൊല്ലിക്കൊണ്ടാണ് നമസ്കാരം ആരംഭിച്ചിരുന്നത്?' അവർ പറഞ്ഞു: 'നബി(സ്വ) രാത്രി നമസ്കാരത്തിനായി നിന്നാൽ ഇപ്രകാരം പറഞ്ഞുകൊണ്ട് നമസ്കാരമാരംഭിക്കും: 'ജിബ്രീരീലിൻെറയും മീകാഈലിൻെറയും ഇസ്റാഫീലിൻെറയും നാഥനായ അല്ലാഹുവേ, ആകാശഭൂമികളെ സൃഷ്ടിച്ചവനേ, ദൃശ്യവും അദൃശ്യവും അറിയുന്നവനേ, നീയാണ് നിൻെറ അടിമകൾ അഭിപ്രായവ്യത്യാസത്തിലായ കാര്യങ്ങളിൽ അവർക്കിടയിൽ തീർപ്പുകൽപിക്കുന്നവൻ, ഭിന്നതയിലായിട്ടുള്ള കാര്യങ്ങളിൽ നിൻെറ അനുമതി പ്രകാരം നീ എന്നെ നേർമാർഗത്തിലൂടെ നയിക്കേണമേ, തീർച്ചയായും നീ ഉദ്ദേശിക്കുന്നവരെ നീ നേർമാർഗത്തിലൂടെ നയിക്കുന്നു' (മുസ്ലിം).

മതപരമായ പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ട പല വിശ്വാസ-ആചാര - അനുഷ്ഠാനങ്ങളെയും പലരും വിമർശിക്കുകയും പരിഹസിക്കുകയും പുച്ഛിക്കുകയുമൊക്കെ ചെയ്യുമ്പോഴും ദീൻ പഠിപ്പിച്ച സത്യ ആദർശത്തെ തന്മയത്വത്തോടെ ഉൾക്കൊള്ളുവാനും സ്വീകരിക്കുവാനും വിശ്വാസികൾക്ക് സാധിക്കുന്നത് റബ്ബിൻെറ ഈ പ്രത്യേകമായ തൗഫീക്വുകൊണ്ട് തന്നെയാണ്.

അല്ലാഹു പറയുന്നു: '...അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെയൊക്കെ അവൻ സൻമാർഗത്തിൽ ഒരുമിച്ചുകൂട്ടുകതന്നെ ചെയ്യുമായിരുന്നു. അതിനാൽ നീ ഒരിക്കലും അവിവേകികളിൽ പെട്ടുപോകരുത്' (6:35).

മതപരമായ പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ട പല വിശ്വാസ- ആചാര - അനുഷ്ഠാനങ്ങളെയും പലരും വിമർശിക്കുകയും പരിഹസിക്കുകയും പുച്ഛിക്കുകയുമൊക്കെ ചെയ്യുമ്പോഴും ദീൻ പഠിപ്പിച്ച സത്യ ആദർശത്തെ തന്മയത്വത്തോടെ ഉൾക്കൊള്ളുവാനും സ്വീകരിക്കുവാനും വിശ്വാസികൾക്ക് സാധിക്കുന്നത് റബ്ബിൻെറ ഈ പ്രത്യേകമായ തൗഫീക്വുകൊണ്ട് തന്നെയാണ്.



'അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും അങ്ങനെ അവൻ തൻെറ രക്ഷിതാവിങ്കൽ നിന്നുള്ള പ്രകാശത്തിലായിരിക്കുകയും ചെയ്തുവോ (അവൻ ഹൃദയം കടുത്തുപോയവനെപ്പോലെയാണോ?). എന്നാൽ അല്ലാഹുവിൻെറ സ്മരണയിൽനിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ' (39:22).

അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതുനിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു. അതത്രെ അല്ലാഹുവിൻെറ മാർഗദർശനം. അതുമുഖേന താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു. വല്ലവനെയും അവൻ പിഴവിലാക്കുന്നപക്ഷം അവനു വഴികാട്ടാൻ ആരുംതന്നെയില്ല' (39:23).

*2. പഠനം:* കേവലം പ്രാർഥനകൊണ്ട് മാത്രമായില്ല. മറിച്ച് , അതിനനുസരിച്ചുള്ള പ്രവർത്തനം കൂടി ഉണ്ടാകുമ്പോഴാണ് പ്രാർഥനയുടെ സദ്ഫലങ്ങൾ സ്വായത്തമാക്കാൻ നമുക്ക് സാധിക്കുക. അതിനാൽ ഓരോ വിഷയത്തിലും മതത്തിൻെറ കൃത്യമായ അധ്യാപനം എന്താണെന്ന് പഠിച്ചറിയുവാനുള്ള പരിശ്രമങ്ങളും അനിവാര്യമാണ്.

അല്ലാഹു പറയുന്നു: 'നമ്മുടെ മാർഗത്തിൽ സമരത്തിൽ ഏർപ്പെട്ടവരാരോ, അവരെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുകതന്നെ ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു സദ്വൃത്തരോടൊപ്പമാകുന്നു' (29:69).

അത്തരക്കാരെ പ്രശംസിച്ചു പറയുന്ന നിരവധി ആയത്തുകളും ഹദീസുകളും കാണാവുന്നതാണ്.

അല്ലാഹു പറയുന്നു: ‘അതല്ല, പരലോകത്തെ പറ്റി ജാഗ്രത പുലർത്തുകയും തന്റെ രക്ഷിതാവിന്റെ കാരുണ്യം ആശിക്കുകയും ചെയ്തുകൊണ്ട് സാഷ്ടാംഗം ചെയ്തും നിന്നു പ്രാർഥിച്ചും രാത്രി സമയങ്ങളിൽ കീഴ്‌വണക്കം ചെയ്യുന്നവനോ (അതല്ല സത്യനിഷേധിയോ ഉത്തമൻ?). പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാൻമാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ’ (39:9).

അവരാണ് യഥാർഥ ബുദ്ധിമാന്മാർ എന്നും ഖുർആൻ ഓർമിപ്പിക്കുന്നു: ‘അതായത് വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും അതിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർക്കാകുന്നു അല്ലാഹു മാർഗദർശനം നൽകിയിട്ടുള്ളത്. അവർതന്നെയാകുന്നു ബുദ്ധിമാൻമാർ’ (39:18).

മതത്തിന്റെ ശരിയായ അധ്യാപനങ്ങൾ പഠിച്ചറിയാനുള്ള ഏതൊരു പരിശ്രമവും മഹത്തരവും വമ്പിച്ച പ്രതിഫലം നേടാൻ ഉതകുന്നതുമാണെന്ന് പല പ്രവാചക വചനങ്ങളും അറിയിക്കുന്നുണ്ട്. ഒരാൾ അറിവ് തേടി ഒരു വഴിയിൽ പ്രവേശിച്ചാൽ അതുനിമിത്തം അയാൾക്ക് സ്വർഗത്തിലേക്കുള്ള പാത എളുപ്പമാക്കി കൊടുക്കുമെന്നും അല്ലാഹുവിന്റെ മലക്കുകൾ അടക്കം മത്സ്യങ്ങളും ഉറുമ്പുകളുംവരെ അത്തരക്കാർക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുമെന്നും അറിയിക്കുന്ന ഹദീസുകൾ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്.

*3.സച്ചരിതരുടെ മാർഗം സ്വീകരിക്കൽ:* പഠിച്ചറിയുന്ന കാര്യങ്ങളുടെ സത്യതയും കൃത്യതയും ഉറപ്പുവരുത്താനുള്ള ഒരു ഉരക്കല്ലാണ് പ്രസ്തുത വിഷയങ്ങളിലൊക്കെ നബി(സ്വ)യും അവിടുത്തെ അനുചരന്മാരും ഉത്തമതലമുറകൾ എന്ന് നബി(സ്വ) വിശേഷിപ്പിച്ച സച്ചരിതരായ മുൻഗാമികളും സ്വീകരിച്ച നിലപാടുകളും അധ്യാപനങ്ങളും അറിയൽ. അവരുടെ മാർഗം പിൻപറ്റുവാനാണ് ഖുർആനും സുന്നത്തും നമ്മളോട് ആഹ്വാനം ചെയ്യുന്നത്. അവരെയാണ് അല്ലാഹു തൃപ്തിപ്പെട്ടത്. പിൽക്കാലക്കാരിൽ പലതരത്തിലുള്ള ദുഃസ്വാധീനങ്ങളും പിഴവുകളും കടന്നുവരാനുള്ള സാധ്യതകൾ വളരെ കൂടുതലാണ്.

അല്ലാഹു പറയുന്നു: ‘നിങ്ങൾ ഈ വിശ്വസിച്ചതുപോലെ അവരും വിശ്വസിച്ചിരുന്നാൽ അവർ നേർമാർഗത്തിലായിക്കഴിഞ്ഞു. അവർ പിന്തിരിഞ്ഞുകളയുകയാണെങ്കിലോ അവരുടെ നിലപാട് കക്ഷിമാത്സര്യം മാത്രമാകുന്നു. അവരിൽനിന്ന് നിന്നെ സംരക്ഷിക്കാൻ അല്ലാഹു മതി. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമത്രെ’ (2:137).

‘തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്നപക്ഷം അവൻ തിരിഞ്ഞ വഴിക്കുതന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!’ (4:115).

*4) സത്യം സ്വീകരിക്കാനുള്ള കരുത്ത്:* സത്യസന്ധമായ അന്വേഷണത്തിനും പഠനത്തിനുമൊടുവിൽ ബോധ്യപ്പെട്ട സത്യം സ്വീകരിക്കുവാനും നേരിന്റെ വഴിയിൽ ഉറച്ചുനിൽക്കുവാനുമുള്ള കരുത്തും ആർജവവും അത്യാവശ്യമാണ്. നാട്ടുകാരുടെയും വീട്ടുകാരുടെയും കൂട്ടുകാരുടെയും താൽപര്യങ്ങളും ഇഷ്ടങ്ങളുമൊന്നും അതിനു മുന്നിൽ തടസ്സമായിക്കൂടാ. ഭൂരിപക്ഷത്തിന്റെ പിന്തുണയോ കൈയ്യടിയോ ഭൗതിക ലാഭങ്ങളോ സ്ഥാനമാനങ്ങളോ ഒന്നും സത്യം സ്വീകരിക്കുന്നിടത്ത് പ്രതിബന്ധങ്ങൾ തീർക്കാതിരിക്കാനുള്ള ജാഗ്രതയും പ്രതിബന്ധങ്ങളെ നേരിടുവാനുള്ള കരുത്തും സന്മാർഗത്തിലൂടെ മുന്നേറാൻ വളരെ അനിവാര്യമാണ്.

സത്യം വ്യക്തമായി ബോധ്യപ്പെട്ടിട്ടും പലർക്കും അത് സ്വീകരിക്കാൻ തടസ്സമായത് മേൽപറഞ്ഞ പല സംഗതികളുമായിരുന്നു എന്നത് ചരിത്രം നമ്മോട് വിളിച്ചു പറയുന്ന യാഥാർഥ്യങ്ങളാണ്. നബി(സ്വ)യുടെ പിതൃസഹോദരനായ അബൂത്വാലിബ് അടക്കം നബികുടുംബത്തിലെ പ്രമാണിമാരായ പലർക്കും ഇസ്‌ലാം സത്യമതമാണെന്നും മുഹമ്മദ്(സ്വ) അല്ലാഹുവിന്റെ സത്യദൂതനാണെന്നും ബോധ്യമായിട്ടും അത് അംഗീകരിക്കാൻ കഴിയാതെപോയത് അതുകൊണ്ടാണ്.

വേദക്കാരായ ആളുകളുടെയും സമാനമായ അവസ്ഥ അല്ലാഹു എടുത്തു പറഞ്ഞിട്ടുണ്ട്. അസൂയയും ‘ഈഗോ’ യുമൊക്കെയായിരുന്നു സത്യമാർഗം പിൻപറ്റാൻ അവർക്ക് തടസ്സമായത്.

അല്ലാഹു പറയുന്നു: ‘നാം വേദം നൽകിയിട്ടുള്ളവർക്ക് സ്വന്തം മക്കളെ അറിയാവുന്നതുപോലെ അദ്ദേഹത്തെ (റസൂലിനെ) അറിയാവുന്നതാണ്. തീർച്ചയായും അവരിൽ ഒരു വിഭാഗം അറിഞ്ഞുകൊണ്ടു തന്നെ സത്യം മറച്ചുവെക്കുകയാകുന്നു’ (2:146).

‘നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ സ്വന്തം മക്കളെ അറിയുന്നതുപോലെ അത് അറിയുന്നുണ്ട്. സ്വദേഹങ്ങളെ നഷ്ടത്തിലാക്കിയവരത്രെ അവർ. അതിനാൽ അവർ വിശ്വസിക്കുകയില്ല’ (6:20).

*5.നന്മ കൽപിക്കലും തിന്മ വിരോധിക്കലും:* മുസ്‌ലിം ഉമ്മത്തിന്റെ ഒരു സാമൂഹ്യ ബാധ്യതയായി അല്ലാഹു ഏൽപിച്ചതാണ് ഇക്കാര്യം.

അല്ലാഹു പറയുന്നു: ‘നൻമയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാ

രത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ' (3:104).

'മനുഷ്യവംശത്തിനുവേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു' (3:110).

അത് സത്യസന്ധവും ആത്മാർഥവുമായി നിർവഹിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ നേരായ പാതയിൽ ഉറച്ചുനിൽക്കാനുള്ള തൗഫീക് ഉണ്ടാവും. നമ്മെ തിന്മകളിൽനിന്ന് തടഞ്ഞുനിർത്തുന്ന ഒരു മതിൽക്കെട്ടായി അത് വർത്തിക്കുമെന്നതിൽ സംശയമില്ല. മനുഷ്യരാസകലം നഷ്ടത്തിലാണ് എന്ന് പറഞ്ഞതിനു ശേഷം ക്വുർആൻ അതിൽനിന്ന് ഒഴിവാക്കി പറഞ്ഞവരുടെ പ്രധാന ഗുണം അവർ സത്യംകൊണ്ട് പരസ്പരം ഉപദേശിക്കുന്നവരാണ് എന്നതാണ്.

മനുഷ്യരാസകലം നഷ്ടത്തിലാണ് എന്ന് പറഞ്ഞതിനു ശേഷം ക്വുർആൻ അതിൽനിന്ന് ഒഴിവാക്കി പറഞ്ഞവരുടെ പ്രധാന ഗുണം അവർ സത്യംകൊണ്ട് പരസ്പരം ഉപദേശിക്കുന്നവരാണ് എന്നതാണ്. നന്മയോടൊപ്പം ചേർന്നുനിൽക്കൽ നമുക്ക് കരുത്തും നന്മകൾക്ക് പരസ്പരം ഊർജം പകരുന്നതുമാണ്. നന്മകളുടെ കൂട്ടായ്മയിൽനിന്ന് വേറിട്ട് ഒറ്റപ്പെട്ടുള്ള സഞ്ചാരമാണ് നമ്മുടേതെങ്കിൽ പല അപകടങ്ങളെയും നാം ഭയപ്പെടേണ്ടതുണ്ട്.

'കാലം തന്നെയാണ് സത്യം! തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ' (103:1-3).

*6. ഒറ്റപ്പെട്ടുപോകാതെ സംഘത്തോടൊപ്പം നിലകൊള്ളുക:* നന്മയോടൊപ്പം ചേർന്നുനിൽക്കൽ നമുക്ക് കരുത്തും നന്മകൾക്ക് പരസ്പരം ഊർജം പകരുന്നതുമാണ്. നന്മകളുടെ കൂട്ടായ്മയിൽനിന്ന് വേറിട്ട് ഒറ്റപ്പെട്ടുള്ള സഞ്ചാരമാണ് നമ്മുടേതെങ്കിൽ പല അപകടങ്ങളെയും നാം ഭയപ്പെടേണ്ടതുണ്ട്. നബി(സ്വ) ഉണർത്തിയതുപോലെ; 'നിങ്ങൾ സംഘമായി നിൽക്കുക; ഒറ്റപ്പെട്ടുപോകുന്ന ആട്ടിൻകുട്ടികളെയാണ് ചെന്നായ തിന്നുക' (അബൂദാവൂദ്).

അല്ലാഹു പറയുന്നു: 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക' (9:119).

*7. തവക്കുലും നിർഭയത്വവും:* താൻ തിരിച്ചറിഞ്ഞ സത്യം സ്വീകരിച്ച് നേരിന്റെ പക്ഷത്ത് ഉറച്ചുനിൽക്കുകയാണെങ്കിൽ പലതും നഷ്ടപ്പെടുമല്ലോ എന്ന് ആശങ്കപ്പെടുന്നവരുണ്ടാകും. അപ്രകാരം തന്നെ പലതരം ഭീഷണികളും പ്രലോഭനങ്ങളും മറ്റുള്ളവരിൽനിന്ന് ഉണ്ടാകുന്നത് സത്യപാതയിൽനിന്നും പിന്തിരിപ്പിക്കാൻ തക്ക വിധം നേരിടേണ്ടിവന്നേക്കാം. അപ്പോഴെല്ലാം പടച്ചറബ്ബ് നിശ്ചയിച്ചതല്ലാത്ത ഒന്നും സംഭവിക്കുകയില്ലെന്ന ഉറച്ച വിശ്വാസത്തോടെ എല്ലാം അവനിൽ ഭരമേൽപിച്ച് പ്രതിസന്ധികളെ അതിജയിക്കാൻ സാധിക്കേണ്ടതുണ്ട്. നബിമാരും സച്ചരിതരായ മുൻഗാമികളും അങ്ങനെയാണ് ഇത്തരം പ്രതിസന്ധികളെ തരണം ചെയ്തത്.

മൂസാ നബി(അ)യിൽ വിശ്വസിച്ച ജാലവിദ്യക്കാരോട് ഫിർഔനിന്റെ ഭീഷണിയും ഭയപ്പെടുത്തലുമൊക്കെ ഉണ്ടായ സന്ദർഭത്തിൽ അവർ പ്രഖ്യാപിച്ച ധീരമായ നിലപാട് നമുക്ക് മാതൃകയാണ്.

അല്ലാഹു പറയുന്നു: 'ഉടനെ ആ ജാലവിദ്യക്കാർ പ്രണമിച്ചുകൊണ്ട് താഴെ വീണു. അവർ പറഞ്ഞു: 'ഞങ്ങൾ ഹാറൂന്റെയും മൂസായുടെയും രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു.' അവൻ (ഫിർഔൻ) പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് സമ്മതം തരുന്നതിനു മുമ്പ് നിങ്ങൾ അവനെ വിശ്വസിച്ചുകഴിഞ്ഞെന്നോ? തീർച്ചയായും നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ചുതന്ന നിങ്ങളുടെ നേതാവ് തന്നെയാണവൻ. ആകയാൽ തീർച്ചയായും ഞാൻ നിങ്ങളുടെ കൈകളും കാലുകളും എതിർവശങ്ങളിൽനിന്നായി മുറിച്ചുകളയുകയും ഈന്തപ്പനത്തടികളിൽ നിങ്ങളെ ക്രൂശിക്കുകയും ചെയ്യുന്നതാണ്. ഞങ്ങളിൽ ആരാണ് ഏറ്റവും കഠിനമായതും നീണ്ടുനിൽക്കുന്നതുമായ ശിക്ഷ നൽകുന്നവൻ എന്ന് തീർച്ചയായും നിങ്ങൾക്ക് മനസ്സിലാകുകയും ചെയ്യും.' അവർ പറഞ്ഞു: 'ഞങ്ങൾക്ക് വന്നുകിട്ടിയ പ്രത്യക്ഷമായ തെളിവുകളെക്കാളും ഞങ്ങളെ സൃഷ്ടിച്ചവനെക്കാളും നിനക്ക് ഞങ്ങൾ മുൻഗണന നൽകുകയില്ലതന്നെ. അതിനാൽ നീ വിധിക്കുന്നതെന്തോ അത് വിധിച്ചുകൊള്ളുക. ഈ ഐഹികജീവിതത്തിൽ മാത്രമെ നീ വിധിക്കുകയുള്ളൂ' (20:70-72).

സത്യപാതയിൽ ഉറച്ചുനിൽക്കാൻ സർവശക്തൻ നമ്മെ അനുഗ്രഹിക്കട്ടെ.

ബിസ്മിത എം, തിരുവനന്തപുരം
(സൽസബീൽ അറബിക്കോളേജ്, വെങ്കിടങ്ങ്)

# ഇസ്‌ലാമും സ്ത്രീയും



പുരുഷന്റെ ഇണയായി സ്ത്രീയെയും സ്ത്രീയുടെ ഇണയായി പുരുഷനെയും തീരുമാനിച്ചത് സ്രഷ്ടാവായ അല്ലാഹുവാണ്. പുരുഷൻ പുരുഷനെയും സ്ത്രീ സ്ത്രീയെയും ഇണയാക്കുന്ന വർത്തമാനകാല വിരോധാഭാസത്തെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. അത് ഇസ്‌ലാം വിരുദ്ധമാണ്. മനുഷ്യപ്രകൃതിക്കുതന്നെയും വിരുദ്ധമാണ്.

ആദ്യമായി അല്ലാഹു ഒരു സ്ത്രീയെ (ഹവ്വയെ) സൃഷ്ടിച്ചത് ഒരു പുരുഷനിൽ (ആദം) നിന്നുതന്നെയാണെന്ന വസ്തുത ഓർക്കുക. അല്ലാഹു പറയുന്നു: “മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും, അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ...” (ക്വുർആൻ 4:1).

“അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ കൂട്ടത്തിൽനിന്നുതന്നെ ഇണകളെ ഉണ്ടാക്കുകയും, നിങ്ങളുടെ ഇണകളിലൂടെ അവൻ നിങ്ങൾക്ക് പുത്രൻമാരെയും പൗത്രൻമാരെയും ഉണ്ടാക്കിത്തരികയും, വിശിഷ്ട വസ്തുക്കളിൽനിന്നും അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു...”(16:72).

അല്ലാഹു സ്ത്രീപുരുഷന്മാരെ ഇണകളായി സൃഷ്ടിച്ചതിന്റെ മഹത്ത്വവും പ്രാധാന്യവും ഉദ്ദേശ്യവുമെല്ലാം ഈ സൂക്തങ്ങൾ മനസ്സിലാക്കിത്തരുന്നു. അല്ലാഹു ആണിനും പെണ്ണിനും അവരുടെതായ വ്യക്തിത്വവും ശാരീരികവും മാനസികവുമായ സവിശേഷതകളും നൽകിയിട്ടുണ്ട്. അവർ ഇരുവരും പല കാര്യങ്ങളിലും വ്യത്യസ്തരാണ്. ആണിനും പെണ്ണിനും സൃഷ്ടിപ്പിൽതന്നെ അല്ലാഹു നിശ്ചയിച്ച സവിശേഷതകൾ അവരുടെ ജീവിതയാത്രയെ സുഗമമാക്കുന്നതാണ്.

“നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്നുതിന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ആളുകൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്” (30:21).

ദാമ്പത്യജീവിതത്തിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്ന് സമാധാനപൂർണമായ ജീവിതമാണെന്ന് ഈ ആയത്ത് അറിയിക്കുന്നു. വിവാഹത്തിലൂടെ ദമ്പതികൾക്കിടയിലുണ്ടാകുന്ന അവർണനീയമായ സ്നേഹവും കാരുണ്യവും അല്ലാഹുവിന്റെ ദൃഷ്ടാന്തമായി എടുത്തു പറയുന്നത് ശ്രദ്ധിക്കുക. തികച്ചും അന്യരായവർക്കിയിൽ വിവാഹ ശേഷമുണ്ടാകുന്ന ഈ ഇഴയടുപ്പം ദൈവികകാരുണ്യത്തിന്റെ അത്ഭുതകരമായ അടയാളമാണ്.

അബ്ദുർറഹ്മാൻ ഇബ്നു ഔഫി(റ)ൽനിന്ന് ഇമാം അഹ്മദ് നിവേദനം ചെയ്യുന്നു: “ഒരു സ്ത്രീ അവളുടെമേൽ (നിർബന്ധമായ) അഞ്ചുനമസ്കാരങ്ങൾ നമസ്കരിക്കുകയും, അവളുടെ (റമദാൻ) മാസത്തിൽ നോമ്പെടുക്കുകയും, അവളുടെ ഗുഹ്യാവയവം സൂക്ഷിക്കുകയും തന്റെ ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ. അവളോടു പറയപ്പെടും: സ്വർഗീയ കവാടങ്ങളിൽ നീ ഉദ്ദേശിക്കുന്നതിലൂ ടെ സ്വർഗത്തിൽ പ്രവേശിക്കുക.”

ഇത്തരം ആദരണീയമായ നിർദേശങ്ങളെ പ്രയോഗവൽകരിച്ചു ജീവിച്ചാൽ ഈ അനുഗൃഹീത വാഗ്ദാനവും മഹനീയ പ്രതിഫലവും നേടുന്ന മുസ്‌ലിം സ്ത്രീക്കാണ് മംഗളാശംസകൾ. ■

വിവ. അബ്ദുൽ ജബ്ബാർ മദീനി



# നമസ്കാരത്തിന്റെ നിബന്ധനകൾ

**1. നിർബന്ധ നമസ്കാരങ്ങൾ**

നിർബന്ധ നമസ്കാരങ്ങൾ അഞ്ചാകുന്നു. ഫജ്ർ (സ്വുബ്ഹി), ദ്വുഹ്ർ, അസ്ർ, മഗ്രിബ്, ഇശാഅ് എന്നിവയാണ് അവ. നിർബന്ധ നമസ്കാരങ്ങൾ ഇവയാകുന്നു എന്നതിൽ ഏകാഭിപ്രായമുണ്ട്. ത്വൽഹത്ത് ഇബ്നുഉബയ്ദില്ല(റ)യിൽനിന്നുള്ള ഹദീസ് ഈ വിഷയം അറിയിക്കുന്നു:

"ഒരു അഅ്റാബി പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, നമസ്കാരത്തിൽ അല്ലാഹു എനിക്കു നിർബന്ധമാക്കിയത് ഏതാണ്?' അപ്പോൾ അവിടുന്ന് പറഞ്ഞു: 'രാവിലും പകലിലുമായി അഞ്ചു നമസ്കാരങ്ങളാണ്...'"

ഗ്രാമീണനായ വ്യക്തിയുടെ സംഭവം വിവരിക്കുന്ന അനസ്(റ)ൽനിന്നുള്ള ഹദീസും ഇക്കാര്യം അറിയിക്കുന്നു. അദ്ദേഹം തിരുമേനി (സ്വ)യോടു ചോദിച്ചു: "രാവിലും പകലിലുമായി അഞ്ചു നമസ്കാരങ്ങൾ ഞങ്ങളുടെമേൽ നിർബന്ധമാണെന്ന് താങ്കളുടെ ദൂതൻ പറയുന്നു." തിരുനബി(സ്വ) പറഞ്ഞു: "ദൂതൻ സത്യമാണു പറഞ്ഞത്..."

**2. നമസ്കാരം നിർബന്ധമാകുന്നവർ**

പ്രായപൂർത്തിയായ, ബുദ്ധിയുള്ള, ആർത്തവകാരിയും പ്രസവരക്തമുള്ളവളുമല്ലാത്ത എല്ലാ മുസ്ലിമിനും നമസ്കാരം നിർബന്ധമാണ്. കുട്ടികൾക്ക് ഏഴു വയസ്സ് പ്രായമെത്തിയാൽ അവരോട് നമസ്കരിക്കാൻ കൽപിക്കുകയും പത്തു വയസ്സ് പ്രായമെത്തിയവൻ നമസ്കാരം ഉപേക്ഷിച്ചാൽ അവരെ അടിക്കേണ്ടതുമാണ്.

"മൂന്നു വിഭാഗങ്ങളിൽനിന്നു തൂലിക ഉയർത്തപ്പെട്ടിരിക്കുന്നു; (വിധിവിലക്കുകളിൽനിന്ന് അവർ ഒഴിവാക്കപെട്ടിരിക്കുന്നു).... കുട്ടിക്ക് പ്രായപൂർത്തി എത്തുന്നതുവരെ."

**3. നമസ്കാരത്തിന്റെ നിബന്ധനകൾ**

നമസ്കാരത്തിന്റെ ശർത്ത്വുകൾ (നിബന്ധികൾ) ഒമ്പതാകുന്നു:

1. *ഇസ്ലാം:* കാഫിറിന്റെ കർമങ്ങൾ നിഷ്ഫലമാണെന്നതിനാൽ നമസ്കാരം അവനിൽനിന്ന് സ്വീകരിക്കപ്പെയുകയില്ല.

2. *ബുദ്ധി:* ഭ്രാന്തനു വിധിവിലക്കുകളില്ലാത്തതിനാൽ അവന്റെ നമസ്കാരം സ്വഹീഹാവുകയില്ല.

3. *പ്രായപൂർത്തിയാവുക:* പ്രായപൂർത്തിയാകുന്നതുവരെ കുട്ടിക്കു നമസ്കാരം നിർബന്ധമില്ല.

തിരുനബി(സ്വ) പറഞ്ഞു: "നിങ്ങളുടെ മക്കൾക്ക് ഏഴു വയസ്സായാൽ നിങ്ങളവരോടു നമസ്കാരംകൊണ്ടു കൽപിക്കുക. പത്തു വയസ്സായിട്ടും (നമസ്കരിക്കാത്തവരെ) അതിന്റെ പേരിൽ നിങ്ങൾ അടിക്കുക. കിടപ്പറകളിൽ അവരെ നിങ്ങൾ വേർപ്പെടുത്തുകയും ചെയ്യുക."

4. *വലിയ അശുദ്ധിയിൽനിന്നും ചെറിയ അശുദ്ധിയിൽനിന്നും ശുദ്ധിയാകൽ:* ഇബ്നുഉമറി(റ)ൽനിന്നുള്ള ഹദീസിൽ നബി)സ്വ) പറഞ്ഞു: "ശുദ്ധിവരുത്താതെയാതൊരു നമസ്കാരവും അല്ലാഹു സ്വീകരിക്കുകയില്ല."

5. *സമയബന്ധിതമായ നമസ്കാരത്തിനു സമയമാകൽ:* അല്ലാഹു പറഞ്ഞു: "തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാകുന്നു" (ക്വുർആൻ 4:103).

ജിബ്രീൽ നബി(സ്വ)ക്ക് അഞ്ചു നമസ്കാരങ്ങളിൽ ഇമാമുനിന്ന സംഭവം വിവരിക്കുന്ന

ഹദീസിൽ (സമയത്തിന്റെ തുടക്കത്തിലും ഒടുക്കത്തിലും ഇമാമത്തുനിന്ന ശേഷം) ജിബ്‌രീൽ ഇങ്ങനെ പറഞ്ഞതായി കാണാം: "ഈ രണ്ടു സമയങ്ങൾക്കിടയിലാകുന്നു സമയം."

അതിനാൽ നമസ്കാരം അതിന്റെ സമയമാകുന്നതിനു മുമ്പ് സ്വഹീഹാവുകയില്ല. ഒഴിവുകഴിവുണ്ടെങ്കിലല്ലാതെ സമയം കഴിഞ്ഞതിനുശേഷവും സ്വഹീഹാവുകയില്ല.

*6. തൊലിയെ തെളിയിച്ചു കാണിക്കാത്തവിധമുള്ള വല്ലതുകൊണ്ടും നഗ്നത (ഔറത്ത്) മറക്കൽ.* അല്ലാഹു പറഞ്ഞു:

"ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക" (ക്വുർആൻ 7:31).

പ്രായപൂർത്തിയായ പുരുഷന്റെ ഔറത്ത് കാൽമുട്ടിനും പൊക്കിളിനുമിടയിലുള്ളതാകുന്നു. തിരുനബി(സ്വ) ജാബിറി(റ)നോടു പറഞ്ഞു:

"താങ്കളുടെ മേൽ ഒരു വസ്ത്രമുണ്ടായിരിക്കെ താങ്കൾ നമസ്കരിച്ചാൽ, അതു വിശാലമാണെങ്കിൽ അതുകൊണ്ടു ചുറ്റുക. അത് ഇടുങ്ങിയതാണെങ്കിൽ താങ്കൾ അത് തുണിയാക്കിയുടുക്കുക."

ഏറ്റവും അനുയോജ്യവും ഉത്തമവുമായത് പുരുഷൻ അവന്റെ ചുമലിൽ വല്ല വസ്ത്രവും ധരിക്കലാണ്. കാരണം ഒരാൾ ഒരു വസ്ത്രത്തിലായി അതിൽനിന്ന് അവന്റെ ചുമലിൽ യാതൊന്നുമില്ലാതെ നമസ്കരിക്കുന്നത് തിരുനബി വിരോധിച്ചിട്ടുണ്ട്.

സ്ത്രീ മുഴുവനും ഔറത്താകുന്നു; അവളുടെ മുഖവും ഇരു കൈപടങ്ങളുമൊഴിച്ച്. എന്നാൽ അവൾ അന്യപുരുഷന്മാരുടെ മുന്നിൽ നമസ്കരിക്കുകയായാൽ

ഏറ്റവും അനുയോജ്യവും ഉത്തമവുമായത് പുരുഷൻ അവന്റെ ചുമലിൽ വല്ല വസ്ത്രവും ധരിക്കലാണ്. കാരണം ഒരാൾ ഒരു വസ്ത്രത്തിലായി അതിൽനിന്ന് അവന്റെ ചുമലിൽ യാതൊന്നുമില്ലാതെ നമസ്കരിക്കുന്നത് തിരുനബി വിരോധിച്ചിട്ടുണ്ട്. സ്ത്രീ മുഴുവനും ഔറത്താകുന്നു; അവളുടെ മുഖവും ഇരു കൈപടങ്ങളുമൊഴിച്ച്. എന്നാൽ അവൾ അന്യപുരുഷന്മാരുടെ മുന്നിൽ നമസ്കരിക്കുകയായാൽ അവൾ ശരീരം മുഴുവനും മറക്കേണ്ടതുണ്ട്.

അവൾ ശരീരം മുഴുവനും മറക്കേണ്ടതുണ്ട്. തിരുനബി(സ്വ) പറഞ്ഞു: "സ്ത്രീ ഔറത്താകുന്നു."

തിരുനബി(സ്വ) പറഞ്ഞു: "ഖിമാർ (മുഖമക്കന, മൂടുവസ്ത്രം) ധരിച്ചുകൊണ്ടല്ലാതെ പ്രയപൂർത്തിയായ സ്ത്രീയുടെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല.''

*7. നമസ്കരിക്കുന്നവന്റെ ശരീരം, വസ്ത്രം, നമസ്കരിക്കുന്ന സ്ഥലം എന്നിവയിൽനിന്ന് നജസ് ഒഴിവാക്കുക.* അല്ലാഹു പറഞ്ഞു:

"നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും ചെയ്യുക" (ക്വുർആൻ 7:31).

നബി(സ്വ) പറഞ്ഞു: "നിങ്ങൾ മൂത്രവിസർജനത്തിൽനിന്ന് ശുദ്ധിയാവുക. കാരണം ക്വബ്ർ ശിക്ഷ പൊതുവെ മൂത്രവിസർജനം കാരണത്താലാകുന്നു."

നിയ്യത്തിന്റെ സ്ഥാനം ഹൃദയമാകുന്നു. ഒരു കാര്യത്തിനായി ഉറച്ച തീരുമാനമെടുക്കുക എന്നതാണ് അതിന്റെ യാഥാർഥ്യം. നിയ്യത്ത് ഉച്ചരിക്കൽ ശറആക്കപ്പെട്ടിട്ടില്ല. കാരണം, നബി(സ്വ) നിയ്യത്ത് ഉച്ചരിച്ചിട്ടില്ല. നബിയുടെ അനുചരന്മാരിൽ ഒരാളും അപ്രകാരം ചെയ്തതായി വന്നിട്ടുമില്ല.

വസ്ത്രത്തിൽ പുരളുന്ന ആർത്തവരക്തത്തിന്റെ വിഷയത്തിൽ നബി(സ്വ) അസ്മാഇ(റ)നോടു പറഞ്ഞു: "അത് നഖംകൊണ്ടു ചുരണ്ടുകയും വെള്ളമുപയോഗിച്ച് ഉരക്കുകയും അതിൽ വെള്ളം കുടയുകയും ശേഷം ആ വസ്ത്രത്തിൽ നമസ്കരിക്കുകയും ചെയ്യുക."

ഗ്രാമീണൻ പള്ളിയിൽ മൂത്രവിസർജനം നടത്തിയ വേളയിൽ നബി(സ്വ) തന്റെ അനുചരന്മാരോടു പറഞ്ഞു: "അയാളുടെ മൂത്രവിസർജനത്തിൽ നിങ്ങൾ ഒരു തൊട്ടി വെള്ളം ഒഴിക്കുക."

*8. കഴിവുള്ളതോടൊപ്പം ക്വിബ്‌ലയിലേക്കു മുന്നിടുക:* അല്ലാഹു പറഞ്ഞു: "ഇനിമേൽ നീ നിന്റെ മുഖം മസ്ജിദുൽഹറാമിന്റെ നേർക്ക് തിരിക്കുക" (ക്വുർആൻ 2:144).

നബി(സ്വ) പറഞ്ഞു: "താങ്കൾ നമസ്കാരത്തിന് ഉദ്ദേശിച്ചാൽ സമ്പൂർണമായി വുദൂഅ് ചെയ്യുക. ശേഷം ക്വിബ്‌ലയിലേക്കു മുന്നിടുകയും ചെയ്യുക."

*9. നിയ്യത്ത്:* യാതൊരു അവസ്ഥയിലും നിയ്യത്തിൽ ഉപേക്ഷ വരുത്താവതല്ല. ഉമറി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "നിശ്ചയം, കർമങ്ങൾ നിയ്യത്തുകൾ കൊണ്ടു മാത്രമാണ്."

നിയ്യത്തിന്റെ സ്ഥാനം ഹൃദയമാകുന്നു. ഒരു കാര്യത്തിനായി ഉറച്ച തീരുമാനമെടുക്കുക എന്നതാണ് അതിന്റെ യാഥാർഥ്യം. നിയ്യത്ത് ഉച്ചരിക്കൽ ശറആക്കപ്പെട്ടിട്ടില്ല. കാരണം, നബി(സ്വ) നിയ്യത്ത് ഉച്ചരിച്ചിട്ടില്ല. നബിയുടെ അനുചരന്മാരിൽ ഒരാളും അപ്രകാരം ചെയ്തതായി വന്നിട്ടുമില്ല.

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*



# പരലോക ചിന്തകൾ

വെള്ളില പി.പി. അബ്ദുല്ല

നീ ഓർത്തു നോക്കൂ സോദരാ പരലോകം
വരുവാൻ നിനക്കുണ്ടങ്ങനെ ഒരു ലോകം
വിശ്വാസമില്ലേൽ നീ വെറും ഒരു മണ്ടനാ
മണ്ടൻ നിനച്ചു, ഞാൻ വലിയൊരു കേമനാ
പരലോക വിശ്വാസം പലർക്കും പലതരം
തെറ്റായ് മനസ്സിലാക്കിയാൽ സ്ഥിതി ഗുരുതരം
ചിലരുണ്ട് പാടെ നിഷേധിക്കുന്നവരായി
ചത്തങ്ങു പോയാൽ ഒക്കെ തീർന്നെന്നായി
ചിലരുണ്ടവർ പറയും പരലോകത്തിൽ
വിശ്വാസമുണ്ടെന്ന്, പ്രവർത്തനമില്ല
എന്നാൽ ചിലർ; വിശ്വാസമുണ്ട് പ്രവൃത്തിയും
വിശ്വാസമോ സത്യത്തിൽനിന്നകലത്തിലും
ഇവർക്കൊന്നുമേ ജയമില്ല പരലോകത്തിൽ
എന്നാൽ ജയം യഥാർഥ വിശ്വാസത്തിൽ
നാഥൻ പറഞ്ഞത് അപ്പടി നാം കേൾക്കണം
നബിയോരുടെ വഴികൊള്ളെ നം ചരിക്കണം
അതിനപ്പുറം വ്യാഖ്യാനമൊന്നും വേണ്ട
തിരുദൂതരെക്കാൾ ജ്ഞാനിയായ് ചമയേണ്ട
പരലോകമെന്തിന്നറിയുമോ എൻ സോദരാ
നീതി പുലർത്താനാണതെൻ സഹോദരാ
ഒരു നൂറു കൊല ചെയ്തുള്ളൊരു കൊലയാളിയെ
ഒരുവട്ടം കൊല്ലാൻ മാത്രമല്ലേ കഴിയുക?
ഒരു തെറ്റിനും മതിയായ ശിക്ഷകൾ നൽകുവാൻ
ഒരു ഭരണകൂടത്തിന്നുമില്ല കഴിവുകൾ
ആത്മാർഥമായ് പണി ചെയ്തിടുന്നോരുണ്ട്
കള്ളത്തരങ്ങൾ കാട്ടിടുന്നോരുണ്ട്
ആത്മാർഥതക്ക് പ്രതിഫലം നൽകാനായ്
അറിയില്ല മുതലാളിക്ക് സത്യം സത്യമായ്

എന്നാൽ അതേക്കുറിച്ചറിയുന്നോനാം റബ്ബ്
നൽകാനിരിക്കുകയാണതിൻ സവാബ്
സത്യത്തിനായ് നിലകൊണ്ട പലരും ജയിലിലാം
കുറ്റങ്ങൾ ചെയ്ത് മദിച്ചവർ മണിമേടയിൽ!
ആ രീതിയാണിഹലോകമിൽ കാണുന്നെ
സത്യത്തിനാ പരലോകമിൽ ജയമെന്നും
അതുകൊണ്ട് പരലോകം ഒരത്യാവശ്യമാ
അതു നിശ്ചയിച്ച പടച്ചവൻ പരിശുദ്ധനാ
മരണം നടന്ന് ശരീരമാകെ നശിച്ചുപോയ്
മണ്ണിൽ അവന്റെ ശരീരമാകെ ലയിച്ചുപോയ്
പിന്നെങ്ങനാ പരലോകമിൽ ചെന്നെത്തുക
എന്നുള്ള ചോദ്യം പലരുമുന്നയിക്കുന്നതാ
ഇത് ബുദ്ധിയല്ലെന്നറിയണേ സഹോദരാ
ചിന്തിക്കുവാൻ കഴിവുള്ളവൻ പറയാത്തതാ.
ദേഹത്തിൽനിന്നും ദേഹി വിട്ടകന്നു പോയ്
അതിനാലെ ദേഹം സർവവും നിലച്ചുപോയ്
എന്നാൽ നശിച്ചിട്ടില്ല ദേഹി അറിയണം
അതുതിരികെ വന്നാൽ ജീവനാകും ഓർക്കണം
പിന്നെ നശിച്ചത് ദേഹമെന്നൊരു കൂട്
അതു വീണ്ടും പണിയാൻ നാഥനില്ല പാട്
ഒരിക്കൽ വളരെ സൂക്ഷ്മമായ് പടച്ചൊരു
നാഥന്നു വീണ്ടും പടക്കുവാനോ പാട്?
അല്ലാഹു തന്റെ വേദമാം ക്വുർആനിൽ
ചോദിച്ചിടുന്നു ബുദ്ധിയുള്ളവരോട്
നിങ്ങളെ നാം വെറുതെ പടച്ചുവെന്നോ
നമ്മുടെ പക്കലേക്കു മടങ്ങില്ലെന്നോ
നിങ്ങൾ വിചാരിക്കുന്നതെന്ന ചോദ്യം
സൂറത്തു മുഅ്മിനിൽ നമുക്കതു കാണാം.
പരലോക വിജയം നൽകണം മന്നാനേ
വിശ്വാസമിൽ കരുത്തേകണം ദയ്യാനേ
ഹൃദയത്തെ മാറ്റിമറിച്ചിടും പെരിയോനേ
പരരോക രക്ഷ നീ നൽകണം ഹന്നാനേ
നിൻ മഗ്ഫിറത്തല്ലാതെ മറ്റൊന്നില്ല
ഞാൻ ചെയ്ത അമലുകൾ ഒട്ടുമേ തികയില്ല
ദോഷം പെരുത്ത് മലകണക്കെ നിൽക്കയാ
അമലോ ചെറു കുന്നിക്കുരുവിൽ താഴെയാ
അതിനാലെ നീ എനിക്കേകണം റഹ്മത്ത്
അല്ലാതിരുന്നാൽ നഷ്ടമാണു പെരുത്ത്
അതു താങ്ങുവാൻ എനിക്കില്ല ആഫിയത്ത്
നിൻ കരുണ മാത്രമാണെനിക്കു കരുത്ത്.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM BOOKS

# പുറത്തിറങ്ങി

ഫലസ്തീനിന്റെയും യഹൂദരുടെയും
ചരിത്രവും വർത്തമാനവും
പ്രാമാണികമായി അപഗ്രഥിക്കുന്ന വേറിട്ട രചന

## യഹൂദരും ഫലസ്തീനും
ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും

**ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**




اليهود و فلسطين
في التاريخ والكتب المقدسة

ഓൺലൈനിൽ ബുക്ക് ചെയ്യുന്നവർക്ക് **200 രൂപ**യുടെ പുസ്തകം **വെറും 160 രൂപ**ക്ക്

ORDER NOW

പുസ്തകം നിങ്ങളുടെ **വീട്ടിൽ** എത്തിക്കുന്നു

*Parcel Charge Extra

http://www.wisdombooksonline.com

+91 7356 766 478

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
27 JULY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

To the **right goal**
Through the **right path**

# 28th

WISDOM

# PROFESSIONAL STUDENTS GLOBAL CONFERENCE

## 11 12 13 OCTOBER 2024

## THIRUVANANTHAPURAM

Wisdom Islamic Students Organization,
CV Complex, PV Swami Road, Calicut-2

+91 8156812292
wisdomstudents